# ഇ-എഴുത്തോല


## MAGAZINE FOR LITTLE KITES ACCADAMIC REJUVENATION

## GHS KALICHANADUKKAM

## 2019







**ഉള്ളടക്കം**

ആമുഖം........................................................................................5
പത്രാധിപ സമിതി കമ്മിറ്റി അംഗങ്ങൾ........................................................................................6
കൃതജ്ഞത........................................................................................7
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ........................................................................................8
സന്ദേശം........................................................................................9
ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം മാതൃകാപരം........................................................................................9
ആശംസ........................................................................................10
കവിത........................................................................................11
ഒരുതെയ്യാട്ടക്കാലത്തിൻെറ ഓർമ്മ........................................................................................11
കവിത........................................................................................13
തിരുത്ത്........................................................................................13
ഒരുക്കം........................................................................................14
മാറ്റം........................................................................................14
ഓർമ്മക്കുറിപ്പ്........................................................................................15
മാമ്പഴച്ചൂരൽ........................................................................................15
കവിത........................................................................................17
നശിപ്പിക്കാൻ ഉള്ളതല്ല കേരളം........................................................................................17
മറിച്ച് സംരക്ഷിക്കാനുള്ളതാണ്........................................................................................17
കഥ........................................................................................18
ഭൂമിയുടെ പ്രതികാരം........................................................................................18
കഥാസ്വാദനം........................................................................................21
........................................................................................21
ചിന്നമുണ്ടി-അംബികാസുതൻ മാങ്ങാട്........................................................................................21
........................................................................................21
അതിജീവനത്തിന്റെ സാധ്യത........................................................................................21
കവിത........................................................................................23
സ്വപ്നം........................................................................................23
കഥ........................................................................................24
അവിവേകം ആപത്ത്........................................................................................24
ലേഖനം........................................................................................26
കേരളം........................................................................................26
കഥ........................................................................................27
*ഒരു വയൽ നികത്തൽ ദുരന്തം*........................................................................................27
കവിത........................................................................................29

കുഞ്ഞു പൂമ്പാറ്റ......29
കവിത......30
പ്രകൃതിയുടെ രോദനം......30
......30
യാത്രാവിവരണം......31
റാണിപുരം പരിസ്ഥിതി ക്യാമ്പ്......31
കഥ......34
നഷ്ടപ്പെട്ടു പോയ കേരളത്തനിമ......34
കവിത......35
മമനാട്......35
കവിത......36
എന്റെ നാട് സുന്ദരനാട്......36
കഥ......37
മാജിക് ബുക്ക്......37
ലേഖനം......39
നവകേരളം......39
ലേഖനം......41
കേരളപ്പിറവി......41
കവിത......42
റോസാപ്പൂവ്......42
ലേഖനം......43
അതിജീവിക്കാം പ്രളയത്തെ......43
വരകൾ വർണ്ണങ്ങൾ......44
ചിത്രശേഖരം......44
കവിത......45
മൗനം......45
അനുഭവക്കുറിപ്പ്......46
എന്റെ അവധിക്കാലം......46
കുറിപ്പ്......48
തെയ്യം......48
കഥ......49
മനുഷ്യനായിക്കൂടെ......49
കവിത......51
എന്റെ ഭാഷ......51
പോസ്റ്റർ......52
ഊർജ്ജ സംരക്ഷണം......52
വാർത്ത......53

കുട്ടികളുടെ ചലച്ചിത്രത്തിന് തുടക്കമായി..........................................................................53

# Awake Arise And Stop Not Till The Goal Is Reached




**Rangeeth v v**
**10 B**

# ആമുഖം

സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൗട്ട്സ്&ഗൈഡ്സ്, റെഡ്ക്രോസ് എന്നിവയുടെ രീതിയിൽ വിദ്യാലയത്തിൽ ആരംഭിച്ച കുട്ടികളുടെ ഒരു പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ് എട്ടാം തരം മുതലുള്ള കുട്ടികളെ ഐ.ടി. പഠനത്തിൽ താൽപര്യമുള്ളവരാക്കുകയും അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും രാജ്യത്തിന്റെ ഭാവിയിലെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ദർശനത്തിൽ നിന്നും ഉൾക്കൊണ്ട പഠനത്തോടൊപ്പം തൊഴിലും എന്ന ആശയം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പദ്ധതിയാണ് കേരള വിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജിഫോർ എഡ്യുക്കേഷൻ ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ ഏകദേശം ഒരു ലക്ഷം കുട്ടികൾ ഇതിൽ അംഗങ്ങളായുണ്ട്. ഹൈസ്കൂൾ തലത്തിലെ രണ്ട് അദ്ധ്യാപകർക്കാണ് വിദ്യാലയത്തിൽ ഇതിന്റെ മേൽനോട്ട ചുമതല.

കുട്ടികളിലെ സർഗ്ഗാത്മകതയ്ക്ക് ഒരു ഡിജിറ്റൽ പരിഭാഷ എന്ന ഈ സംരംഭത്തിൽ കുട്ടികളുടെ സാങ്കേതിക വൈദഗ്ദ്യം തെളിഞ്ഞു കാണാം.ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ചുറുചുറുക്കോടെ ലിറ്റിൽ കൈറ്റ്സ് കേഡറ്റുകൾ ഈ പ്രവർത്തനം പൂർത്തിയാക്കി.

# പത്രാധിപ സമിതി  കമ്മിറ്റി  അംഗങ്ങൾ

ചീഫ് എഡിറ്റർ- ജയചന്ദ്രൻ.കെ-ഹെഡ്മാസ്റ്റർ

എഡിറ്റർ ഇൻചാർജ്   (1)  സിബി.കെ - Sr.Asst

(2)  ശശിലേഖ.എം- S I T C

സ്റ്റാഫ് എഡിറ്റർസ്   (1) രവി.പി - സ്റ്റാഫ്  സെക്രട്ടറി

(2)മിനി.വിവി-വിദ്യാരംഗം convr

(3)പത്മനാഭൻ S R G (H S)

(4)നിർമ്മല S R G (U P)

(5)അജിത S R G (L P)

(6)രജനി.പി കൈറ്റ് മിസ്ട്രസ്

(7)റീന.വി കൈറ്റ് മിസ്ട്രസ്

സ്റ്റുഡന്റ് എഡിറ്റർ   (1) ഭരത് രാജ് വി ആർ 9 A

(2) നിരഞ്ജന ആർ നാഥ് 9 B

പത്രാധിപ സമിതി അംഗങ്ങൾ:  ഇംതിയാസ്

ജിഷ്ണു.കെ

സിറാജുദ്ദീൻ ടി.പി

ശ്രീക്കുട്ടൻ .എൻ

കിഷോർകുമാർ പി.എസ്

അലൻ അഗസ്റ്റിൻ

# കൃതജ്ഞത

ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾതല പ്രവർത്തനങ്ങളുടെ ഭാഗമായ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി നടത്തിയ ഉദ്യമത്തിൽ കുട്ടികളുടേയും, അധ്യാപകരുടെയും, അനധ്യാപകരുടേയും പൂർണ്ണ സഹകരണം ഉണ്ടായിരുന്നു. സൃഷ്ടികൾ തന്ന് സഹകരിച്ചവരോടും, മിനുക്കുപണികൾക്കായി നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ്സ് അം ഗങ്ങളോടൊപ്പം നിന്ന കുട്ടികളും, സ്കൂൾ ഐ.ടി ക്ലബ് അംഗങ്ങൾ, വിദ്യാരംഗം വിവിധ ക്ലബ് അംഗങ്ങൾ, മറ്റ്കുട്ടികൾ എന്നിവരോടും ലിറ്റിൽ കൈറ്റ്സിന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഇതിന്റെ പൂർത്തീകരണത്തിനു വേണ്ടി എല്ലാ വിധ പിൻതുണയും നൽകിയ ഹെഡ്മാസ്റ്റർ ജയചന്ദ്രൻ.കെ, സീനിയർ അസിസ്റ്റന്റ് സിബി ടീച്ചർ, സ്കൂൾ ഐ.ടി കോഡിനേറ്റർ ശശിലേഖ ടീച്ചർആശംസകൾ നേർന്ന വിശിഷ്ട വ്യക്തികൾ, പി.ടി .എ പ്രസിഡന്റ് , മറ്റ് ഭാരവാഹികൾ, എസ്. എം.സി അംഗങ്ങൾ മറ്റെല്ലാവരോടും കൃതജ്ഞതയറിയിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




# സന്ദേശം



## ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം മാതൃകാപരം

**സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൗട്ട്സ്&ഗൈഡ്സ്, റെഡ്ക്രോസ് എന്നിവയുടെ രീതിയിൽ വിദ്യാലയത്തിൽ ആരംഭിച്ച കുട്ടികളുടെ ഒരു പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ് എട്ടാം തരം മുതലുള്ള കുട്ടികളെ ഐ.ടി. പഠനത്തിൽ താൽപര്യമുള്ളവരാക്കുകയും അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും രാജ്യത്തിന്റെ ഭാവിയിലെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ദർശനത്തിൽ നിന്നും ഉൾക്കൊണ്ട പഠനത്തോടൊപ്പം തൊഴിലും എന്ന ആശയംലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പദ്ധതിയാണ് കേരള വിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് സ്കൂൾപദ്ധതിയുടെ ഭാഗമായി കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജിഫോർ എഡ്യുക്കേഷൻ ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ ഏകദേശം ഒരു ലക്ഷം കുട്ടികൾ ഇതിൽ അംഗങ്ങളായുണ്ട്.**

# ആശംസ



ജി.എച്ച്.എസ്.കാലിച്ചാനടുക്കത്തിന്റെ പ്രവർത്തനഭാഗമായ ഡിജിറ്റിൽ മാഗസിൻ എല്ലാവിധ ആശംസകളും ഞങ്ങളുടെ കുട്ടികളുടെ സർഗാത്മകമായ കഴിവുകളെപരിപോഷിപ്പിക്കുന്നതിനും ഈ ഡിജിറ്റൽ യുഗത്തിൽ അതിനൊരു ഡിജിറ്റൽ പരിഭാഷ നൽകാൻ
ശ്രമിച്ച ലിറ്റിൽ കൈറ്റ്സ്ഗ്രൂപ്പിന് ആർത്ഥമായ ഭാവുകങ്ങൾ .

സിബി.കെ
സീനിയർ അധ്യാപിക.

# കവിത

## ഒരുതെയ്യാട്ടക്കാലത്തിൻെറ ഓർമ്മ...

അതൊരു തെയ്യാട്ടക്കാലം
ആയിരുന്നു.
ആകാശവീഥിയിൽ
മേഘത്തിൻെറ തണ്ണീർ-
ക്കുടംപൊട്ടിയാർത്തലച്ച്
മഴകരയുകയാണ് !
പുറപ്പാടിൻെറ ആവേളകൾ....
മനുഷ്യൻെറ കൊട്ടുംചൂട് തണുപ്പിച്ച്
മൺതരികളാം പൈതങ്ങളെ
മാറോട്ടചേർത്തു...
അമ്മദൈവം!

കാലാന്തകൻെറ കാവിൻ നടയിങ്കൽ
കാലമൊരു ഭദ്രദീപം
കൊളുത്തിവച്ചപ്പോൾ,
മുത്തുപൊഴിയുന്ന
മഴക്കിലുക്കം, തെയ്യത്തോറ്റമായി !!!

വർഷകാലം രൗദ്രഭാവംപൂണ്ട്
ഉറഞ്ഞാടിയപ്പോൾ,
കലംകുത്തിയായ മനുഷ്യൻെറ
വ്യാമോഹങ്ങളുടെ
ചില്ലുമാളിക  തച്ചുടയ്ക്കപ്പെട്ടുപോയ്.

മഴത്തെയ്യമുറയുന്ന നേരത്ത്
പാരിൻെറ മതിലകത്ത്
കാലത്തിൻെറ കോമരങ്ങൾ

ഉറഞ്ഞുതുള്ളി !
പുസ്തകസഞ്ചിയും കൊച്ചുനെല്ലിക്കയും
ചേലണിപ്പാവയും
പെരുവെള്ളപ്പാച്ചിലിൽ
മുങ്ങിത്താഴുന്നു.
ചിത്തം മരിക്കുന്നു... പച്ചയാം
ചിത്രം കണ്ട്
ചിരിക്കാൻ മറന്നുപോയ്
പിഞ്ചുപൈതങ്ങളത്രയും.

ഇരുകാലിയും അന്ന് നാൽക്കാലിയും
ഒരുകൂരയിൽ നേരംവെളുപ്പിച്ചനാൽ
അന്നൊരുമഴവന്നു
തെയ്യാട്ടമായ്
മനുഷ്യനെ ' മേലേരിയിൽ' ചുട്ടെരിക്കുവാനായ്.

**ആദിത്യ രത്നാകരൻ 9B**

# കവിത

## തിരുത്ത്

വെടിയുണ്ടയുംവാളും
രക്തത്തിനായ്
വിലപേശുമ്പോൾ
അകമെരിക്കുന്ന
ഓർമ്മയുടെ നെരിപ്പ്
അണയുന്നേയില്ല

തിരുത്താനുണ്ടേറെ
തിളച്ച നട്ടുച്ചകൾ
വിരിച്ച വാക്കിന്റെ
മഷിപ്പടർപ്പുകളിൽ
വാലാട്ടിനിൽക്കണമെന്നും
ഇടം ചെവിയോരത്തേക്ക്
ഒരു തോക്കിൻ നിഴൽ
പിൻ കഴുത്തിലേക്കൊരു
വാൾമുനക്കുളിർ
മുരളുമ്പോൾ തന്നെ
തണുപ്പിക്കും ചോര

മരിച്ചില്ലെന്നാലും
ശവം തന്നെ
വാരി മാറ്റിയെഴുതുന്ന
ചരിത്രത്തിന് കൂട്ട്
നല്ലൊരു മുഖം മൂടിയും നല്ലൊരു തികഞ്ഞ നിശബ്ദതയും

## ഒരുക്കം

അടയിരിക്കുന്ന
ഇരുട്ടിൻെറ
കണ്ണിലേക്ക് സൂക്ഷിച്ചിറങ്ങിയാൽ
കാണാം മഖത്ത്
ചായവും പുരട്ടി
അണിഞ്ഞൊരുങ്ങി
നിൽക്കുന്ന
പകലിനെ .

## മാറ്റം

വഴിമാറി നടന്നവരുടെയൊക്കെ
കാലിൽ
കല്ലും മുള്ളും
കൊണ്ട് മുറിവേറ്റു.
എന്നാൽ
ഒരു വഴിയിലും രക്തത്തിൻെറ ചുന
പുരണ്ടില്ല

**രാമചന്ദ്രൻ വേട്ടറാടി**

# ഓർമ്മക്കുറിപ്പ്

## മാമ്പഴച്ചൂരൽ

വേനലവധി കഴിഞ്ഞ് ഇടവപ്പാതിയുടെ പെയ്തൊഴിയാത്ത കുളിരിൽ സ്കൂൾ തുറന്നു.കിഴക്കൻ മലയോരമേഖലയായ ബളാൽ ഗവൺമെൻറ് ഹൈസ്കൂളിൽ ഹൈസ്കൂൾ മലയാളം അദ്ധ്യാപികയായി സ്ഥിരനിയമനം ലഭിച്ച് നാല് വർഷം തികയുന്ന ഒരു മഴക്കാലം . ഇത്തവണ എനിക്ക് ഒൻപതാം ക്ലാസിൻെറ ക്ലാസ് ചാർജായിരുന്നു .ബാല്യത്തിൻെറ കുസൃതിയിൽ നിന്നും കൗമാരത്തിൻെറ ഗൗരവത്തിലേക്കെത്തിയ കുട്ടികൾ .സ്കൂൾ തുറന്ന ആദ്യ ആഴ്ച തന്നെ പരിസ്ഥിതി ദിനം കടന്നു വന്നു.പതിവുപോലെ "എൻെറ മരവും".നാലാം തീയ്യതി വൈകുന്നേരം എല്ലാ കുട്ടികൾക്കും മഹാഗണി,നെല്ലി, ആര്യവേപ്പ് തുടങ്ങിയ മരത്തൈകൾ ക്ലാസ് ക്രമത്തിൽ വിതരണം നടത്തി.ഒപ്പം മരത്തൈ നടാനും അതിൻെറ ഡയരി എഴുതാനുള്ള നിർദ്ദേശവും.അന്ന് സ്കൂൾ ബസില്ലാത്ത കാലം.കിലോമീറ്ററുകൾ താണ്ടിയെത്തുന്ന കുട്ടികൾ . കിട്ടിയ മരത്തൈയ്യുമായി അവർ ഓരോ കുന്നും കയറി.

പിറ്റേന്നാൾ ക്ലാസിലെത്തിആരൊക്കയാണ് ഇന്നലെ മരത്തൈ നട്ടതെന്ന എൻെറ ചോദ്യത്തിന് എല്ലാവരും നട്ടു എന്ന് മറുപടി നൽകിയപ്പോൾ കുറച്ച് വികൃതിക്കാരനായ അനീഷ് "ടീച്ചറേ എൻെറ മരത്തൈ ഒടിച്ചു കളഞ്ഞതിനാൽ ഞാൻ നട്ടില്ല "എന്ന പരിഹാസം കലർന്ന മറുപടി എന്നെ കുറച്ചൊന്നുമല്ല ചൊടിപ്പിച്ചത്.തക്കതായ ശിക്ഷ നൽകാനായി എൻെറ ഉള്ളിലെ കാർക്കശ്യക്കാരിയുണർന്നു.അനീഷ്, നിനക്ക് തന്ന തൈ നീ ഒടിച്ചു കളഞ്ഞു.പകരം ഒരു തൈ വീട്ടിൽ നിന്നും കൊണ്ട് വന്ന് സ്കൂളിൽ നടണമെന്ന് ഞാൻ കനം വെപ്പിച്ച് സംസാരിച്ചു.പിൻസീറ്റിലിരുന്ന അനീഷിൻെറ മുറുമുറുക്കൽ എന്നെ വീണ്ടും ദേഷ്യം പിടിപ്പിച്ചു.അവനെ എഴുന്നേല്പിച്ച്നിർത്തുകയും മരത്തൈയില്ലാതെ നാളെ സ്കൂളിലേക്ക് വരണ്ടെന്നും കല്പിച്ചു.അടുത്ത ദിവസം ഞാൻ ബസ്സിറങ്ങി സ്കൂൾ കോമ്പൗണ്ടിലേക്ക് കയറുമ്പോൾ ഒരു മാവിൻതൈയ്യുമായി അനീഷ് എന്നെ കാത്തു നിൽപ്പുണ്ടായിരുന്നു.ഞാൻ അവനെയും കൂട്ടി കഞ്ഞിപ്പുരയുടെ സമീപം ഒരു സ്ഥലം കാണിച്ചു

കൊടുത്തു.അവൻ മണ്ണ് കിളച്ച് ആ തൈനട്ടു.

പിന്നീട് എൻെറ ഓർമ്മയിൽ നിന്നും ആ മാവ് കരിഞ്ഞുണങ്ങിയിരുന്നു.തൊട്ടടുത്ത വർഷം നവമ്പർ മാസത്തിൽ ബളാലിൽ നിന്നും കാലിച്ചാനടുക്കം ഗവ ഹൈസ്കൂളിലേക്ക് എനിക്ക് സ്ഥലം മാറ്റം കിട്ടി.പിന്നീട് ഒരു അഞ്ച് വർഷത്തിനു ശേഷം 2018 ഡിസമ്പറിൽ ബളാൽ സ്കൂളിലെ സൗഹൃദ വാട്സ് ആപ് ഗ്രൂപ്പിൽ പീലിവിടർത്തിയ പോലെ വിരിഞ്ഞ് പൂത്തു നിൽക്കുന്ന ഒരു മാവിൻെറ ഫോട്ടോ അവിടുത്തെ ജീവശാസ്ത്ര അദ്ധ്യാപികയായ സോജിൻ ടീച്ചർ പോസ്റ്റു ചെയ്തു.കൂടെ ഒരു കമൻറും "ശശിലേഖ ടീച്ചറേ ഈ മാവ് ഓർമ്മയുണ്ടോ?"നരച്ചുതുടങ്ങിയ എൻെറ ഓർമ്മയിൽ ആ മാവ് തെളിഞ്ഞില്ല.അധികമാർക്കും അറിയാത്ത ആ മാവിൻ കഥ ഗ്രൂപ്പിൽ ഒരു വിഷയമായില്ല.എന്നാൽ ഈയിടെ സ്ഥലം മാറിപ്പോയ എറണാകുളംകാരി ശാരി ടീച്ചർ അനീഷ് നട്ട മാവിനെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഗ്രൂപ്പൽ ഒരു കമൻറയച്ചു.പത്താംതരം കഴിഞ്ഞ് ഹയർ സെക്കൻററിയും അനീഷ് ബളാൽ സ്കൂളിൽ തന്നെയാണ് പൂർത്തിയാക്കിയതെന്നും,എല്ലാ വേനലിലും അവൻ ആ മാവിനെ വെള്ളമൊഴിച്ച് പരിപാലിക്കാറുണ്ടെന്നും,ആ മാവ് നട്ട കഥയും അവൻ ടീച്ചറിനോട് പങ്കുവെച്ചിട്ടുണ്ടത്രെ.അവനിപ്പോൾ ബളാലിലെ ഓട്ടോ ഡ്രൈവറാണെന്നും ശാരി ടീച്ചർ ഗ്രൂപ്പിൽ എഴുതി.

പൂത്തിരി കത്തിച്ചു നിൽക്കുന്ന ആ മാവിൽ നിന്നും മധുരമുള്ള ഒരു ശിക്ഷയുടെ ഒരു മാമ്പൂമണം പരക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു.മാവിനെ തിരിച്ചറിഞ്ഞ ഞാൻ ഗ്രൂപ്പിൽ സന്ദേശമയച്ചപ്പോൾ അതിനു മറുപടിയായി സോജിൻ ടീച്ചറുടെ "കുട്ടികളെ ശിക്ഷിക്കുന്നുണ്ടെങ്കിൽ ഇങ്ങനെ ശിക്ഷിക്കണം" എന്ന കമന്റ് വായിച്ച് ഞാനും പൂത്തുലയുകയായിരുന്നു.



ശശിലേഖ.എം
എച്ച്. എസ്.എ .മലയാളം
ജി.എച്ച്.എസ്. കാലിച്ചാനടുക്കം

# കവിത

## <u>നശിപ്പിക്കാൻ</u> <u>ഉള്ളതല്ല</u> <u>കേരളം</u>

### മറിച്ച് സംരക്ഷിക്കാനുള്ളതാണ്

കേരളം.........കേരളം നവകേരളം ................



മനുഷ്യർ അതിജീവിക്കുന്ന ഒരു കേരളം ............
മലകളും കുന്നുകളും പച്ചപ്പാടി ആടിക്കളി
ഇത് നമ്മുടെ ഇത് നമ്മുടെ കേരളം........
കുരുവികൾ കുയിലുകൾ പാടിനടക്കും
നമ്മുടെ കേരളത്തിൽ.........
പുഴ പാടി ഒഴുകും നമ്മുടെ കേരളത്തിൽ.........
ഇത് നമ്മുടെ കേരളം............. ഇത് നമ്മുടെ കേരളം.............
പച്ചയിൽ കുളിച്ചുനിൽക്കും നമ്മുടെ കേരളം.............
മലകളും കുന്നുകളും പച്ചപ്പാറപ്പോലെ നിൽക്കുന്ന
കേരളം.........
ഇത് നമ്മുടെ കേരളം.....................

റാഷിദ , എട്ട്. എ

# കഥ

## ഭൂമിയുടെ പ്രതികാരം

വീട്ടിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ വീടിനു മുന്നിൽ വലിയ സമ്മേളനം എന്താണെന്നറിയില്ല. പെട്ടെന്നതാ ആകാശം കറുത്തിരുളുന്നു.

സമ്മേളനത്തിന്റെ മുമ്പിൽ അംബരചുംബികളായ വലിയ രണ്ടു പനമരങ്ങൾ പ്രത്യക്ഷപ്പെടുന്നു.

പുക പോലെ എവിടെ നിന്നോ പൊട്ടിമുളച്ച ആ പനമരങ്ങൾ , എല്ലാവരും ഞെട്ടിതരിച്ചു,കൂടെ ഞാനും.

ആ ഭീമൻ പനമരങ്ങളിൽ  നിന്ന് വെട്ടിയിട്ടതുപോലെ

പനകഷണങ്ങൾ താഴേക്ക് പതിച്ചു. സമ്മേളനത്തിൽ മുമ്പിൽ കസേരയിട്ടിരുന്നവരുടെ മേലായിരുന്നു ഈ പനകഷണങ്ങൾ വന്നു വീണത്. ആദ്യത്തെ വരിയിലിരുന്നവരെല്ലാം പുകയായി മേലോട്ടു പോയി.

ഇതിന്റെ തനിയാവർത്തനം നടന്നതും, പൂരത്തിന് ആനയ്ക്ക് മദ്ദമിളകിയപോലെ ആൾക്കാർ അങ്ങുമിങ്ങും ഓടി. എന്താണെന്നറിയില്ല ഒരു നിശബ്ദത എല്ലാവരേയും ഒരു നിമിഷത്തേക്ക് സ്തബ്ദരാക്കി. പെട്ടെന്ന് ഒരേ പോലെ എല്ലാവരും ഒന്നു ഞെട്ടി. ആരോ പിറുപിറുത്തു. “നമ്മൾ മരിക്കാറായി." ഇത് കണ്ടിട്ടും കേട്ടിട്ടും എനിക്കൊന്നും തന്നെ മനസ്സിലായില്ല; പക്ഷേ, ഒന്നുണ്ട് ഇതൊരു വലിയ അപകടമാണ്. ആൾക്കാരിലെ ധീരർ എന്നു തോന്നിപ്പോകുന്ന ചിലർ മരണം വരിക്കാനായി പോകുന്ന പോലെ ' കറുത്ത' റോഡിലേക്ക് നീങ്ങി. കണ്ണിമ ചിംബിക്കുന്നതിനു മുമ്പ് അടുത്ത ആക്രമണവും തുടങ്ങിക്കഴിഞ്ഞു;മിന്നലാക്രമണം. ഭയങ്കരമായ ശബ്ദത്തോടെ ഓരോ മിന്നലും ഓരോരുത്തരെ ലക്ഷ്യമാക്കി. മിന്നലേറ്റവർ വെന്തുചാരമായി.ഇതുകണ്ട ചിലർക്ക് ബോധം പോയി,സമനില

നഷ്ടപ്പെട്ടു. പക്ഷേ വേറൊരു ചിലർ ജീവനുവേണ്ടി ഓടിയൊളിക്കുകയായിരുന്നു ഗുഹയിലും മറ്റും.

പക്ഷെ അത്കൊണ്ട് കാര്യമുണ്ടായില്ല. ആരോ പറഞ്ഞുവിട്ട പോലെ ഞാൻ ഒരു വലിയ ഇറക്കത്തിലേക്ക് പ്രവേശിച്ചു. അവസാനം ഞാൻ

കുറച്ച് വലുപ്പമുള്ള, മൺചാക്കുകൊണ്ട് നിർമ്മിച്ച

തടയണയുള്ള ഒരരുവിയിലെത്തി. ആ അരുവിയിൽ

നില പോലും കിട്ടുന്നില്ലെന്ന് 'തീരങ്ങൾ' പറഞ്ഞു.

ഞാൻ ആ കൊച്ചരുവിപ്പാലത്തിൽ നിന്നു. ആക്രമണത്തിന്റെ ഉത്തരം കണ്ടുപിടിക്കാൻ ഞാൻ വൈകിയില്ല. ആകാംഷ നിറയുന്നതാണെങ്കിലും

അപകടമാണ്."പ്രകൃതിയുടെ തിരിച്ചടി അതാണാ ഉത്തരം". അതെ നാം പ്രകൃതിയോട് ചെയ്യുന്ന എല്ലാ തെറ്റിനും പ്രകൃതി കണക്കുപറഞ്ഞ് തിരിച്ചടി നൽകുകയാണ്. ചിന്തിച്ച് കഴിയുന്നതിനു മുൻപ് വെള്ളച്ചാട്ടം എന്ന പോലെ അരുവിജലം മൂടുന്നു. ഞാൻ ഞെട്ടി. ജലത്തിനെ ഭയന്ന് ഞാൻ തിരിഞ്ഞു. കൈകൊണ്ട് കണ്ണു പൊത്തി ഈശ്വരനെ ഒന്നു സ്മരിച്ചു. 'രക്ഷപ്പെടുമെങ്കിൽ രക്ഷപ്പെടട്ടെ' എന്നു ഞാൻ ചിന്തിച്ചു. എന്തെന്നറിയില്ല വെപ്രാളപ്പെട്ട പ്രളയജലത്തിന്റെ പൊട്ടിച്ചിരി കേൾക്കാതായി. കൈ മാറ്റി, കണ്ണുകൾ വിടർത്തി. തിരിഞ്ഞുനോക്കുമ്പോൾ എല്ലാം ശാന്തം. എനിക്കു അത്ഭുതമായി! രക്ഷപ്പെട്ടതിന് ഈശ്വരന് നന്ദി പറഞ്ഞു. മുയൽമുങ്ങുന്ന പുല്ലുകളുള്ള അരുവിയുടെ തീരത്തേക്ക് ഞാൻ നീങ്ങി. എനിക്ക് സന്തോഷമുളവാക്കുന്ന ദൃശ്യമാണ് ഞാൻ അപ്പോൾ കണ്ടത്. അൽപം പേടിച്ചും കിതച്ചും വരുന്ന ഒരു ചെറുപ്പക്കാരൻ. താടിയും മുടിയും ഉള്ള അർധനഗ്നനായ ഒരു മനുഷ്യൻ.ഒറ്റയ്ക്കായതിനാൽ ഞാൻ സന്തോഷിച്ചു. വന്നപാടെ അയാളുടെ നാവ് ഉണർന്നു; എങ്ങനെ രക്ഷപ്പെട്ടു? 'ദൈവാധീനം' ഞാൻ ഉത്തരം നൽകി.പക്ഷെ,എന്റെ ചുണ്ട് അവർക്കുവേണ്ടി ചോദ്യം ഉന്നയിച്ചില്ല.

അയാൾക്ക് നല്ല ക്ഷീണമുണ്ടായിരുന്നു. അടയ്ക്കാമരത്തിൽ അയാളുടെ തല സ്പർശിച്ചതും ഒരു നിലവിളി. അതൊരു പെൺശബ്ദമായിരുന്നു. ആ നിലവിളിയിൽ ഞാൻ ഞെട്ടിയില്ല. കാരണം, തൊട്ട മുൻപുണ്ടായ ദുരനുഭവങ്ങളായിരുന്നു.ഞങ്ങളിരുവരും നോക്കുമ്പോൾ കൗമാരപ്രായക്കാരിയായ ഒരു ആദിവാസിപെൺകുട്ടിയായിരുന്നു. ഞങ്ങളെ കണ്ടതും അവളുടെ ഭയം തെല്ല് കുറഞ്ഞു. കിതപ്പും സങ്കടവും അവളെ കുറച്ച് നേരത്തേക്ക് നിശ്ചലമാക്കി. എല്ലാം ഒന്നടങ്ങിയപ്പോൾ ഞങ്ങൾ 'എന്താ?' എന്ന് ചോദിച്ചു. അവൾ അവളുടെ ഭൂതകാലം

വെളിപ്പെടുത്തി. അവൾ കാട്ടിലെ മൂപ്പന്റെ മകളാണെന്നും, കാട്ടിൽ പെട്ടെന്നുണ്ടായ തീപ്പിടുത്തത്തിൽ നിന്നും രക്ഷപ്പെട്ടാണ് ഇവിടെ എത്തിയതെന്നും, അവളിൽ നിന്ന് മനസ്സിലായി. അതിൽ ഏറ്റവും സങ്കടം തോന്നിയത് കാട്ടുതീയിലെ അവളുടെ ബന്ധുമിത്രാതികളുടെ ചുടുമരണമായിരുന്നു. കുറച്ചുനേരത്തേക്ക് അവൾ അച്ഛനെയോർത്ത് വിലപിച്ചു. വിലാപം പൂർത്തിയാകുന്നതിനു മുൻപേ അടുത്ത ഞെട്ടലിലേക്കു ഞങ്ങൾ പ്രവേശിച്ചു;വൻ കൊടുങ്കാറ്റ്. മാനും മുയലു പുലിയും തുടങ്ങി മനുഷ്യനൾപ്പെടെ പാറിപ്പറക്കുന്ന ചുഴലിക്കാറ്റ്. ബാക്കിയായ ജീവനും കെട്ടിപ്പിടിച്ച് ഞങ്ങൾ മൂവരും ഒരേ ദിശയിൽ ഒന്നിച്ചു നീങ്ങി. പിറകിലായ ഞാൻ അവരെ എത്തിപ്പിടിക്കാൻ നോക്കുമ്പോൾ അവരുണ്ട് തിരിഞ്ഞോടുന്നു. ഞാൻ അവിടെ നിശ്ചലമായി. എന്താ? എന്തുപറ്റി, ചിന്തയുടെ തിരമാലകൾ മസ്തിഷ്കത്തിൽ ആഞ്ഞടിച്ചു. കണ്ട കാഴ്ച്ചകൾ എന്നെ വിറപ്പിച്ചു. തൊലികൾ ദ്രവിക്കുന്ന അസഹനീയമീയ ഉഷ്ണക്കാറ്റ്. തെങ്ങും മറ്റു മരങ്ങളും ദ്രവിച്ചുപോകുന്നത് ഞെട്ടലോടെ ഞാൻ നോക്കിനിന്നു. ഭ്രാന്തുപിടിച്ച ഞാൻ എവിടേക്കോ പാഞ്ഞു. ഞാൻ വീണ്ടും ആ അരുവിപ്പാലത്തിൽ എത്തി. എന്റെ കൂടെയുണ്ടായവർ നിലത്തുവീണ് കിടക്കുന്നു. ഞാൻ രണ്ടുപേരുടെയും മൂക്കിൽ വിരൽ വച്ചു. വായുപ്രവാഹം നിലച്ചിരുന്നു രണ്ടുപേരിലും. ഒരു പരിക്കും പ്രത്യക്ഷത്തിലില്ലാതെ ഇവർ മാനസിക ആഘാതത്തിൽ വിട പറഞ്ഞതാണെന്ന് എനിക്കു മനസ്സിലായി. എന്റെ മനസ്സു പറഞ്ഞു "അടുത്തത് നീ."

എന്റെ തല ഉയർന്നപ്പോൾ അത് സത്യമായി. നാനാഭാഗത്തു നിന്ന് ചുഴലിക്കാറ്റും, ഉഷ്ണക്കാറ്റും പ്രളയജലവും, കാട്ടുതീയും, ഇടിമിന്നലും ഒന്നിച്ച് ഒരേ സ്വരത്തിൽ തകർത്ത് വരുന്നു. ഞാൻ ധൈര്യസമേതം അവിടെ നിന്നു. എന്നിട്ട് ഭൂമിയിൽ മുട്ടുകുത്തി, തല മണ്ണിൽ അമർത്തി.മനം ആരാഞ്ഞു.

ഇതെന്താ? ഭൂമിയുടെ ഉള്ളിൽ നിന്നും ആരോ മന്ത്രിച്ചു.

"ഭൂമിയുടെ പ്രതികാരം"................

ഭരത് രാജ് 9a

# കഥാസ്വാദനം

## ചിന്നമുണ്ടി-അംബികാസുതൻ മാങ്ങാട്

### അതിജീവനത്തിന്റെ സാധ്യത

കാസർഗോഡിന്റെ കഥാകാരനും പ്രശസ്ത പരിസ്ഥിതി എഴുത്തുകാരനുമായ ഡോ. അംബികാസുതൻ മാങ്ങാടിന്റെ ഏറ്റവും പുതിയ ചെറുകഥയാണ് ചിന്നമുണ്ടി.അതിജീവനത്തിന്റെ നിശ്ശബ്ദത ഒളിപ്പിച്ചുവച്ച ഈ ചെറുകഥ പരിസ്ഥിതിയും ജീവിതവും തമ്മിലുള്ള ബന്ധം അടയാളപ്പെടുത്തുന്നു.മിത്തുകളുടെ പ്രാദേശിക ലോകം തുറന്നുതരുന്ന ഒരു കഥയാണ് ചിന്നമുണ്ടി.ചിന്നമുണ്ടിഒറ്റവായനയിൽ വെള്ളവും കുളിരും ചെടികളും മീനുകളും പറവകളുമൊക്കെയുള്ള ഒരു വെള്ളക്കെട്ടിൽ മുങ്ങിനിവരുന്നതിന്റെ സുഖം പകരുന്നുണ്ടെന്ന് നിസ്സംശയം പറയാം.പൈനാടൻ ചാലാണ് കഥാപശ്ചാത്തലം. വന്യമായ കടന്നുകയറ്റങ്ങൾക്ക് ശേഷവും കേരളത്തിലവിടവിടെയായി ഇത്തരം നീർച്ചാലുകൾ ഇന്നും ദുർലഭമല്ല എന്ന് കഥ പറയുന്നു.ആപ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകളെക്കുറിച്ച്, അവിടത്തെ സസ്യജന്തുജാലങ്ങളെക്കുറിച്ച്, അതിന്റെ വൈവിധ്യങ്ങളെക്കുറിച്ച് വിശദമായ ഒരു ശാസ്ത്രക്ലാസ്സ് എടുത്തുതരുന്നുണ്ട് കഥ.അതിനുവേണ്ടിയാണ് പ്രവീണിനേയും ഗവേഷക വിദ്യാർത്ഥികളേയും ഇതിൽ ഘടിപ്പിച്ചിരിക്കുന്നത്.വിനായകൻ ദളിത് വിരുദ്ധരാഷ്ട്രീയത്തിന്റെഇരയായി മാറുന്ന മറ്റൊരു കഥാപാത്രമാണ്. പൈനാടൻ വിത്തുതേടി നടന്ന കഥാകൃത്തും തുക്കണാം കുരുവിയെക്കുറിച്ച് ഡോക്യുമെന്ററി എടുക്കുന്ന വിനായകനുംകുട്ടികളുടെ മീനുകളെക്കുറിച്ചുള്ള പ്രൊജക്ടിനു വഴികാട്ടിയായി വന്ന അദ്ധ്യാപകൻ പ്രവീണും കണ്ടുമുട്ടുന്ന ഇടമാണ് ചിന്നമുണ്ടിയിലെ പൈനാടൻചാൽ. കനത്ത മഴയിൽ സാധാരണനെല്ലൊക്കെവെള്ളംകയറിചീഞ്ഞാലുംവെള്ളംപൊങ്ങുന്നതിനനുസരിച്ച്

പൊങ്ങിവളർന്നുകൊണ്ടിരിക്കുന്നഅത്ഭുതനെല്ലിനെശങ്കരാചാര്യരുടെ പാദങ്ങൾക്കു മുന്നിൽചെളിയിൽ തലപൊന്തിച്ചുനിൽക്കുന്ന പുലയനെപ്പോലെ എന്നാണ് കഥാകൃത്ത് നോക്കികാണുന്നത്. പൊട്ടൻ തെയ്യത്തിന്റെ തോറ്റത്തിലെ,

"നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര,

നീങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര"

എന്ന വരികളിലൂടെ ജാതിവ്യവസ്ഥയ്ക്കെതിരെ ആഞ്ഞടിക്കുകയാണ് കഥാകാരൻ. പൊട്ടൻ തെയ്യത്തിന്റെതോറ്റത്തിൽ പരാമർശിക്കുന്ന പ്രാചീന നെൽവിത്തിനെക്കുറിച്ചുള്ള അന്വേഷണവുംപൊട്ടനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഉള്ള അന്വേഷണങ്ങൾ കഥയ്ക്ക് ശാസ്ത്രത്തിന്റെ ആധികാരികതയ്ക്കൊപ്പം മിത്തിക്കലായൊരു പുരാതന ഭംഗി കൂടി പകരാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

ശാസ്ത്രവും പുരാവൃത്തവും പരസ്പര വിരുദ്ധമല്ലെന്ന് കഥ സൂചിപ്പിക്കുന്നു.സമരാല കേരളരാഷ്ട്രീയത്തിൽ കീഴാറ്റൂർ സമരംകവർസ്റ്റോറിയായി വന്ന ലക്കത്തിലാണ്ചിന്നമുണ്ടി പ്രസിദ്ധീകരിച്ചത്. ലേഖനങ്ങളുടെ തുടർച്ചയായി അതേ വിഷയം തന്നെപ്രതിപാദ്യമാക്കിയകഥബോധപൂർവ്വംതന്നെചേർത്തതാവണം, ബോധപൂർവ്വം തന്നെ എഴുതിയതുമാവണം.കീഴാറ്റൂരിനെക്കുറിച്ച്കഥയിലുംസൂചനയുണ്ട്.
ചുരുക്കത്തിൽ സമകാലീന പരിസ്ഥിതിപ്രശ്നങ്ങളും ദളിത് വിരുദ്ധ പ്രത്യയ ശാസ്ത്രത്തിന്റെതീക്ഷ്ണതയുമൊക്കെ യഥാവിധി സങ്കലനം ചെയ്തുണ്ടാക്കിയ രാഷ്ട്രീയ-പരിസ്ഥിതി കഥയാണ്ചിന്നമുണ്ടി അധികാരശ്രേണികൾ,അധീശശക്തികളുടെ ഹിംസാത്മകത, നിസ്സഹായമായ കീഴടങ്ങലുകൾ,ആസന്നമായദുരന്തംഇവയൊക്കെ കഥയിലുണ്ട്.ഒരു ലേഖനത്തിന് പറയാവുന്നിടത്തോളം കൃത്യമായി ഇവയൊക്കെ കഥ സംവേദനം ചെയ്യുന്നുമുണ്ട്.

ഒളിയിടങ്ങളെല്ലാം സുരക്ഷിതങ്ങളല്ലാതായി തീർന്നുകൊണ്ടിരിക്കെവയലിലെ മീനിനേയും മണ്ണിലെ മനുഷ്യനേയും ഒരേ വിധിയാണ് കാത്തിരിക്കുന്നതെന്നഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ കഥ. ഏതെങ്കിലും ഒരുനേരത്ത് പൈനാടൻ മുളച്ചുപൊന്തും എന്ന പ്രതീക്ഷയോടെയാണ് കഥ പൂർണ്ണമാകുന്നത്.

ശുഭം

## റിജിത.പി

## പത്താം തരം .ബി

# കവിത

## സ്വപ്നം

ചുവന്നൊലിച്ച  ചുമരിൽ
പച്ചപ്പിന്റെ പരവതാനി
പൊതിഞ്ഞു കാണണം കുന്നിൻ
വെന്തുടഞ്ഞ തലപ്പുകളിൽ
ഹരിതാഭകുടനീർത്തി  നിൽക്കണം
യന്ത്രക്കൈകളാൽ കൊത്തിവലിക്കാത്ത
മാത്രകളുണ്ടായിരിക്കണം
തടംകെട്ടി  ജീർണിച്ചതോട്ടിലൂടെ
തെളിനീരുറവയായ് ഒലിച്ചിറങ്ങണം പുഴ
കാത്തിരിക്കും വയലോലകൾക്കമൃതമേകാൻ
കൈവരികളായ് പിരിയണം
പ്ലാസ്റ്റിക്ക് അന്നമൂട്ടാദിനങ്ങൾ
എൻ കുഞ്ഞു മീനുകൾക്കേകാൻ കഴിയണം
എണ്ണമയമില്ലാ പാടങ്ങളിലൂടെ
നെന്മണികൊത്തിപ്പറക്കണം തത്തകൾ
തെങ്ങോലകളിലെ തൊങ്ങലിൻ ഇളം കാറ്റി–
ലൂഞ്ഞാലാടി രസിക്കണം.
വിഷമഴപെയ്യാ വയലിലൂടെ
കർഷകർക്കൊപ്പമൊന്നുല്ലസിക്കണം.
കാടും പുഴകളും കാട്ടുപൂക്കളും നിറഞ്ഞ
വനാന്തരങ്ങളിലൂടൊന്നലയണം മനുഷ്യർ
കുന്നുകളിൽന്നുയിർക്കൊള്ളുന്ന
അമൃതതൊന്ന് കോരിക്കുടിക്കണം
വയൽ വരമ്പിലൂടെ പൊൻനെല്ലിൻ
ചന്തമൊന്നറിഞ്ഞു നടക്കണം

കെ.ജയചന്ദ്രൻ, ഹെഡ്മാസ്റ്റർ

# കഥ

## അവിവേകം ആപത്ത്

പണ്ട് ഒരു കുന്നിൻ മുകളിൽ ദരിദ്രനായ ഒരുമരംവെട്ടുകാരൻ ജീവിച്ചിരുന്നു.അയാൾ പരമ ദരിദ്രനായിരുന്നു. അതുകൊണ്ടു തന്നെ ധരിക്കാൻ നല്ല വസ്ത്രമോ,ഭക്ഷിക്കാൻ രുചികരമായഭക്ഷണമോ ലഭിച്ചിരുന്നില്ല.അയാൾ മരം വെട്ടിചന്തയിൽവിറ്റ്കിട്ടുന്ന പണംകൊണ്ടാണ് ഒരു നേരത്തെ ആഹാരമെങ്കിലും കഴിച്ചിരുന്നത്. ഒരു നാൾ പതിവുപോലെ മരം വെട്ടുകാരൻ കുന്നിൻമുകളിലേക്ക് യാത്രപോയതായിരുന്നു. അന്നയാൾക്ക് അതിയായ ക്ഷീണവും ദാഹവും അനുഭവപെട്ടു.കഴിക്കാൻ വല്ലതും കിട്ടുമോ എന്ന്അന്വേഷിച്ച്അയാൾ കാട്ടിൽ മുഴുവൻ അലഞ്ഞു.പക്ഷേ ദാഹമടക്കാൻ ഒരു തുള്ളി ജലം പോലും അന്നയാ ൾക്ക് കിട്ടിയില്ല.ഏറെ നിരാശനായി മരംവെട്ടുകാരൻ ഒരുകുന്നിൻ മുകളിലെത്തി.അവിടെ നിന്നും അയാൾ താഴേക്ക് നോക്കി.അപ്പോൾ ദൂരെയൊരുതാഴ്വാരവും ആ താഴ്വാരത്തിൽ ഒരു അരുവിയും അയാളുടെ കണ്ണിൽപെട്ടു.ആവേശത്തോടെ അയാൾ വേച്ചുവേച്ചുനടന്ന് താഴ്വാരത്തിലെത്തി.ഒരു കൈകുടന്ന വെള്ളമെങ്കിലും കുടിച്ച് ദാഹം തീർക്കുകയായിരുന്നു അയാളുടെ ലക്ഷ്യം.അങ്ങനെ അയാൾ അരുവിക്കരയിലെത്തിപതിയെ അരുവിയിലിറങ്ങിനിന്ന് അയാൾ ഇരുകൈകളിലും വെള്ളം കോരിയെടുത്ത് ചുണ്ടോടടുപ്പിച്ച് പൊടുന്നനെ എവിടെ നിന്നോ ഒരു മലങ്കാക്കപറന്നു വന്ന് അയാളുടെ കൈയിൽ നിന്നും വെള്ളം തട്ടിത്തെറിപ്പിച്ചുപറന്നകന്നു.മരം വെട്ടുകാരന് അതിയായ ദേഷ്യം അത്രമാത്രം ദാഹിച്ചിരുന്നു.രണ്ടാമതും അയാൾ വെള്ളം കൈയ്യിൽ കോരിയെടുത്ത് ചുണ്ടോടടുപ്പിച്ചതേയുള്ളൂ.ആ കാക്ക എവിടെ നിന്നോ വീണ്ടുംപ്രത്യക്ഷപെട്ടു.ഇത്തവണഅയാളുടെകൈകളിൽആഞ്ഞുകൊത്തി.വെള്ളം കൈയ്യിൽ നിന്ന് ഊർന്നുപോയി. അയാൾക്ക് കലി അടങ്ങിയില്ല.മുന്നിൽ കണ്ട

വലിയു മരക്കഷണമെടുത്ത് അയാൾ കാത്തിരുന്നു.മൂന്നാമതും വെള്ളം കോരിയെടുത്ത് അയാൾ കുടിക്കാനാഞ്ഞതും കാക്ക ശബ്ദമുണ്ടാക്കിപറന്നെത്തി. അയാൾ നിമിഷത്തിനു വേണ്ടി

കാത്തിരുന്നു.കാക്ക കൈയ്യിൽ കൊത്താനാഞ്ഞതും
അയാൾ വടികൊണ്ട്

കാക്കയെ വീശിയൊരടി.അത്പിടഞ്ഞ് പിടഞ്ഞ് വെള്ളത്തിൽ ചത്തു

വീണു.ആ നിമിഷമാണ്
അയാൾക്ക് ഇങ്ങനെയൊരുവിചാരം ഉണ്ടായത് എന്ത്
കൊണ്ടാവും കാക്ക വെള്ളം
കുടിക്കാൻ സമ്മതിക്കാതിരുന്നത് ഇതിന്റെ രഹസ്യംഅറിഞ്ഞിട്ടു

തന്നെ കാര്യം.

അയാൾ അരുവിയിൽനിന്നും കരയ്ക്കു കയറി.ആ
അരുവിയുടെ ഉൾഭാഗംതേടി

കുന്നിന്റെ മുകൾഭാഗത്തേക്ക് കയറി.കുന്നിന്റെ
നെറുകൈയ്യിൽ എത്തിയതും

അയാൾ ഞെട്ടിപ്പോയി.ഉഗ്രനൊരു പാമ്പ് കിടക്കുന്നു.
അതിന്റെ ചുറ്റിലും

പലതരം പറവകളുടെയും മൃഗങ്ങളുടെയും

അസ്ഥികൂടങ്ങൾ ......അപ്പോൾ
താൻ വെള്ളം കുടിക്കുന്നതിൽ നിന്നും കാക്ക തടഞ്ഞതിന്റെ

രഹസ്യം അയാൾക്ക് ബോദ്യമായി.മുൻപിൻ നോക്കാതെ
തന്റെ ജീവൻ രക്ഷിക്കാൻ

വന്ന കാക്കയെഅവിവേകം കൊണ്ട് കൊന്നതിൽഅയാൾക്ക്സങ്കടം

അടക്കാനായില്ല.

ആയിഷത്ത് റിസ്വാന 9th A



# ലേഖനം

## കേരളം

കേരളം നമ്മുടെ നാടാണ്.

തുഞ്ചനും കുഞ്ചനും വളർത്തിയ ഭാഷയാണ് മലയാളം. നമ്മുടെ നാടായ കേരളം വലിയൊരു പ്രളയത്തിൽ മുങ്ങിയിരിക്കുകയാണ്. നമ്മുടെ എല്ലാം അമ്മയായ കേരളം ഇപ്പോൾ വല്ലാത്തൊരു അവസ്ഥയിലാണ്.ഇത് എന്റെ ഒരു കവിതയിൽ നിങ്ങൾക്കു മുമ്പിൽ ഞാൻ അവതരിപ്പിക്കുകയാണ്.

കേരളം...... കേരളം...... നമ്മുടെ
അമ്മയായ കേരളം
കാടും മലകളും നിറഞ്ഞു നിൽക്കുന്ന
നാടാണ് കേരളം...... കേരളം......
ഭംഗിയാർന്ന കേരളം.. ഭംഗിയാർന്ന കേരളം..
പ്രളയത്തിന് കനിവുകൾ നിറയുന്ന കേരളം
പുഴയായി ഒഴുകുന്ന കേരളം
പ്രളയം വന്നതുകൂടി എൻ കേരളം ഒരു നാശമായിഅതു നോക്കുമ്പോൾ -
ആ..........ആ...........
അറിയാതെ എൻ മനമുരുകി
മാമലകൾ അപ്പുറത്ത് മരതകപ്പട്ടുടുത്ത്
മലയാളം എന്നൊരു നാടുണ്ട്
തുഞ്ചനും കുഞ്ചനും വളർത്തിയ ഭാഷ
അത് നമ്മുടെ മലയാളം... മലയാളം... മലയാളം
കാടും മലകളും നിറഞ്ഞൊരു നാട് അത് നമ്മുടെ കേരളനാട്



by

**GOPIKA M**
**8 A**

# കഥ

## _ഒരു വയൽ നികത്തൽ ദുരന്തം

“ആ പാടങ്ങൾ കൂടി നികത്തിയാട്ടെ" മനുഷ്യരുടെ കലഹള ശബ്ദം ശ്രദ്ധിച്ചുകൊണ്ടിരുന്ന ആ വെള്ളം വറ്റാറായ വയലിലെ കുഞ്ഞുകുഴിയിൽ താമസിച്ചിരുന്ന മൂന്നു മത്സ്യത്തിൽ ഒരാൾമുന്നറിയിപ്പ് നൽകിക്കൊണ്ട് പറഞ്ഞു.”എല്ലാവരും ശ്രദ്ധിക്കുക ഈ പ്രദേശത്ത് മനുഷ്യൻ നികത്താതിരുന്ന ഒരേ ഒരു പാടമാണ് ഇത്. ഇതിൽ ജീവിക്കുന്ന ഇത്തിരി ദാഹമെങ്കിലും അകറ്റിയിരുന്ന ചരാചരങ്ങളേ നിങ്ങൾക്കു വിട. മനുഷ്യരുടെ കണ്ണുകൾ ഈ വയലിലും എത്തിയിരിക്കുന്നു. എന്തായാലും ഒരിക്കൽ ഇതിലെ വെള്ളം വറ്റിയോ, അതുമല്ലെങ്കിൽ ഇതുപോലെ മനുഷ്യരുടെ കൈകാൽ എങ്ങനെയെങ്കിലും.............. എന്തിരുന്നാലും ആർക്കും മരിക്കാതിരിക്കാൻ ആവില്ലല്ലോ?”ഇത്രയും കേട്ടപ്പോൾതന്നെ അടുത്തുള്ള മറ്റമത്സ്യങ്ങളും തവളച്ചനും പൊൻമാനും പുൽച്ചാടിയും ഞെട്ടിത്തരിച്ചിരിക്കുന്നു. പിന്നെയും അൽപസമയത്തെ ഇടവേളയ്ക്കുശേഷം

ഒന്നാം മത്സ്യം തുടർന്നു.”നമ്മൾക്കിനി മറ്റൊരിടത്തേക്ക് പോകാനാവില്ല. കാരണം ചുറ്റുമുള്ള വയലുകളെല്ലാം നേരത്തെതന്നെ നികത്തിയിരിക്കുന്നു. പുൽച്ചാടി, തവളച്ചാ,പൊൻമാനേ നിങ്ങൾ വേഗം രക്ഷ നേടൂ.........” ഇതു കേട്ട് പൊൻമാൻ പറഞ്ഞു "എന്തുണ്ടായാലും ഞാൻ ഇവിടെ നിന്ന് എങ്ങും പോകില്ല. ഇവിടമാണ് എന്റെ വീട്. ഇവിടെ വിട്ട് പോകുന്നത് അതിലേറെ ആപത്താണ്....... ഭൂമിയിൽ ആകെ മനുഷ്യൻമാരെ ശേഷിക്കുന്നുള്ളൂ.......”ഇതുകേട്ട് പുൽച്ചാടി പറഞ്ഞു. “ നമ്മൾ എന്തു തെറ്റുചെയ്തിട്ടാ മനുഷ്യർ നമ്മളെ ഇങ്ങനെ ദ്രോഹിക്കുന്നേ? ഇവിടെ, ഭൂമിയിൽപിറന്നതിന്റെ പേരിലോ, അതോ മനുഷ്യരായി ജനിക്കാതിരുന്നതിനാലോ?”പുൽച്ചാടിയെ ആശ്വസിപ്പിക്കാനായി തവളച്ചൻ പറഞ്ഞു"കരയല്ലേ, പുൽച്ചാടി കരയല്ലേ" രണ്ടാം മത്സ്യം അല്പം ദേഷ്യത്തോടെ ഇങ്ങനെ ഓതി "എന്തായിത്?ഈ ഭൂമി മനുഷ്യർക്കു മാത്രമുള്ളതാണോ?മനുഷ്യൻ ആദ്യം ഭൂമിയിലെ ചരാചരങ്ങളെയും ഭൂമിയേയും ജീവനുതുല്യം സ്നേഹിച്ചു. ഭൂമിയുടെ ചോര ഒഴുകുന്ന വയലുകളെയും.പിന്നീട് അജൈവ വളത്തിന്റെയും അജൈവകീടനാശിനിയുടേയും കാലമായിരുന്നു.ഇതുകാരണം പല ചരാചരങ്ങളും ഭൂമിയിൽനിന്ന് വിടപറഞ്ഞു.ഇപ്പോഴാകട്ടെ ഭക്ഷണവും കൃത്രിമമാക്കാൻ ആരമഭിച്ചിരിക്കുന്നു. അതിനാൽആർക്കും വയലുകൾ വേണ്ട.വയലുകൾ

നികത്തപ്പെട്ടു. ഇനിയെന്താവാം അടുത്തലക്ഷ്യം?ആരുടെ ജീവനാണ് അടുത്തത്?”നാട്ടുചുറ്റിനടക്കുന്ന പൊൻമാൻ പറഞ്ഞു"മനുഷ്യൻകാരണം, അവന്റെ അത്യാഗ്രഹം കാരണം നിരവധി ജീവിതങ്ങൾ ഭൂമുഖത്തുനിന്നുംഎന്നേവിടവാങ്ങി.എന്റെ കുടുംബത്തിലെ അവസാന പൊൻമാനാണ് ഞാൻ. ഇതോടെ എന്റെ വംശം അവസാനിക്കുന്നു. എനിക്ക് ഇണയില്ല,കൂട്ടുകാരിയില്ലിന്ന്, ഞാൻ മാത്രം ഒരു ഒറ്റത്തടിയായി. എന്നെപ്പോലെ നിങ്ങളും നിങ്ങളുടെ വംശത്തിലെ അവസാനകണ്ണികളാണ്. ഇതോടെനമ്മുടെ വംശം തന്നെ ഇല്ലാതാവും. ഭൂമിയിൽമനുഷ്യർ മാത്രമാവും. എന്തിരുന്നാലും ഒറ്റത്തടിയായി ആർക്കും ഭൂമിയിൽ തുടരാനാവില്ല. എന്റെ കുടുംബക്കാർ വിഷവാതകം ശ്വസിച്ചും, മനുഷ്യന്റെ വിഷാവശിഷ്ടം ഭക്ഷിച്ചും, മറ്റു രീതിയിൽ മനുഷ്യരാൽപീഢിപ്പിക്കപ്പെട്ടും മണ്ണടിഞ്ഞും. ഇനി ശേഷിക്കുന്ന നമ്മളും ഇവിടെവച്ച് അന്ത്യപ്രാർത്ഥന നടത്താം".അപ്പോൾ സങ്കടപൂർവ്വം മൂന്നാം മത്സ്യം പറഞ്ഞു"എനിക്ക് മരിക്കാൻ ഭയമില്ല, എന്നാൽ എന്റെ വയറ്റിൽ വളരുന്ന കുഞ്ഞുങ്ങൾക്ക് ഭൂമുഖത്ത് ജനിക്കാനോ എനിക്കവരെ കാണാനോ കഴിയില്ലെന്ന സങ്കടം മാത്രമാണ്". തവളച്ചൻ ഇവിടെ നടന്നതെല്ലാം കണ്ട് പരിഭ്രമിച്ചുകൊണ്ട് പറഞ്ഞു"പൊൻമാനേ പുൽച്ചാടി ജീവിക്കാൻ ഭൂമിയിൽ എവിടെയെങ്കിലും ഒരു തുള്ളി വെള്ളമുണ്ടോ?” പൊൻമാനും പുൽച്ചാടിയും നിസഹായരായിരുന്നു. അവർ വ്യസന സമേതം പറഞ്ഞു"ഇല്ല, കടൽവെള്ളം ഉൾവലിഞ്ഞുകൊണ്ടിരിക്കുകയാണ്. മനുഷ്യർ സാധാരണ കിണർ ഉപേക്ഷിച്ച് ബോർവെൽ ഉപയോഗിക്കുന്നു. ജലസ്രോതസ്സുകൾ മറ്റും വയൽപോലെനികത്തപ്പെട്ടിരിക്കുന്നു".തവളച്ചൻ പറഞ്ഞു - പറഞ്ഞിട്ടെന്താകാര്യം ,മരണംതന്നെയാണ് ഏറ്റവും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. എനിക്ക് ഒന്നേ പറയാനുള്ളൂ, ദൈവമേ,ഭൂമിയെ നീ കാക്കണേ, നമ്മെ കൊന്നവരോട്, നീ നമ്മെപ്പോലെ ക്ഷമിക്കണേ" മറ്റുള്ളവർ അത് ഏറ്റുചൊല്ലി. ഇത്രയും പറഞ്ഞ് തീരും മുൻപ് എവിടെ നിന്നോ ഒരു വണ്ടിയിൽ ഏതോ കുന്നിന്റെ ജഡശരീരം അവരുടെ മേൽവീണു. അങ്ങനെ അവർ അന്ത്യശ്വാസം ഒരുമിച്ചുവലിച്ചു. മൂന്നു മത്സ്യവും അവരുടെ ജനിക്കാതെ പോയ മക്കളും പൊൻമാനും, തവളച്ചനും ,പുൽച്ചാടിയും എന്നെന്നേക്കുമായി വിടചൊല്ലി. അപ്പോൾ അവിടെ മുകളിൽ കോലാഹലങ്ങൾ കേൾക്കാമായിരുന്നു.”ഇവിടെ ഒരു ക്കുറ്റൻ മതിൽ,വലിയവീട് എന്നിവ മതി”"എടോ ആ വയൽക്കുടി നികത്തിയാട്ടെ”"വേഗം പണിയെട്, നാളെ അടുത്ത സ്ഥലത്ത് പോകാനുള്ളതല്ലേ"ഇതെല്ലാം കേട്ട് അവസാനശ്വാസം വലിക്കുന്ന തവളച്ചൻ അപ്പോഴും പറഞ്ഞു"ദൈവമേ ഈപാപികളോട് ക്ഷമിക്കണേ,ഞങ്ങൾ ക്ഷമിച്ചതുപോലെ നിങ്ങളും ഇവരോട് ക്ഷമിക്കണേ,ഭൂമിയെ കാക്കണേ........”

**അക്ഷയ.കെ.പി. 8-B**

# കവിത

## കുഞ്ഞു പൂമ്പാറ്റ

പൂമ്പാറ്റേ കുഞ്ഞു പൂമ്പാറ്റേ
നിന്റെ കുഞ്ഞുപാട്ടുകൾ
കേൾക്കാനും
കഥകൾ കേൾക്കാനും
ഞാനും വന്നോട്ടെ
പൂമ്പാറ്റെ കുഞ്ഞു പൂമ്പാറ്റേ

മാനത്തെ കുയിലമ്മ
പറന്നീടും
താഴത്തെ മയിലമ്മ
ചിരിച്ചീടും നീ
മാത്രം എന്തേ
പോരാത്തേ?
പൂമ്പാറ്റേ നീ മാത്രം
എന്തേ പോരാത്തേ?

പൂമ്പാറ്റേ കുഞ്ഞു
പൂമ്പാറ്റേ
പൂമ്പാറ്റേ കുഞ്ഞു
പൂമ്പാറ്റേ

അനന്തിക
5-A

# കവിത

## പ്രകൃതിയുടെ രോദനം

കാലം മറന്നപോൽ
മണ്ണും പ്രകൃതിയും
കോലം കെട്ടത്തിയ
ജീവിത കാഴ്ച്ചകൾ

എങ്ങും ഉറവവറ്റിയ കിണറുകൾ
നിറയുന്ന പ്ലാസ്റ്റിക്ക് മലകൾ പുഴകൾ
ഒഴുകുന്ന മാലിന്യം
നികത്തുന്ന വയലുകൾ

എവിടെ കേരളത്തിന്റെ പമ്പ
എവിടെ കേരളത്തിന്റെ ഭംഗി
വരണ്ടുണങ്ങിയ നദിതൻ
മാറിലൂടെ ഒഴുകുന്ന ലോറിതൻ ചക്രം
വറ്റുന്ന ജീവന്റെ ജലം

ഏയ് മനുഷ്യാ ഇവിടെ നാമറിയുന്ന
പൊയ്പ്പോയ കാലത്തിൻ
വറ്റാത്ത നീരുറവ
പ്രകൃതിതൻ അനുഗ്രഹം

ആതിര 8.A

# യാത്രാവിവരണം

## റാണിപുരം പരിസ്ഥിതി ക്യാമ്പ്

എന്റെ ജീവിതത്തിൽ ആദ്യമായി ഞാനൊരു പരിസ്ഥിതി ക്യാമ്പിൽ പങ്കെടുത്തു.ആദ്യമായിട്ടാണ് എനിക്ക് അങ്ങനെയൊരു ക്യാമ്പിന് അവസരം ലഭിച്ചത്.കാസർഗോഡ് ജില്ലയിലെ റാണിപുരം എന്ന സ്ഥലത്ത് വച്ചായിരുന്നു ക്യാമ്പ്.ഞങ്ങൾ വെള്ളിയാഴ്ച രാവിലെ 9:30 ന് തന്നെ റാണിപുരം എത്തിയത്.ഞങ്ങളുടെ കൂടെ ആനന്ദൻ മാഷും ഉണ്ടായിരുന്നു. പല സ്കൂളിൽ നിന്നും ക്യാമ്പിൽ

പങ്കെടുക്കാൻ വിദ്യാർത്ഥികൾ എത്തിയിരുന്നു.

എല്ലാവരേയും പരിചയപ്പെട്ടു.കൂട്ടുകാരായി.പിന്നീട് ഞങ്ങളെല്ലാവരെയും അഞ്ച് ഗ്രൂപ്പുകളക്കി തിരിച്ചു.ഒപ്പം ആനന്ദൻ മാഷും ,സുമതി ടീച്ചറും, ഗോപിനാഥൻ മാഷും,പപ്പൻ മാഷും,സജി മാഷും, കുഞ്ഞികൃഷ്ണൻ മാഷും ഞങ്ങളുടെ കൂടെ കൂടാനെത്തി.അനന്ദൻ മാഷ് രസകരമായി ചെയ്യാനുള്ള ടാസ്കുകൾ തന്ന് കൊണ്ടിരുന്നു.കൂട്ടുകാരെ അറിയാനും മറ്റുമായിരുന്നു

ആദ്യം തന്നത്.അതിനിടയിൽ കണ്ണൂരിൽ നിന്നും വന്ന SEEK(സൊസൈറ്റി ഓഫ് എൻവിയോൺമെന്റ് എജുക്കേഷൻ കേരള)ന്റെ കോഡിനേറ്ററായ പപ്പൻ മാഷ് ഞങ്ങളെ ക്യാമ്പിനെ

കുറച്ചും പറഞ്ഞു.അനന്തൻ മാഷ് ഓരോ ഗ്രൂപ്പും

ചെയ്തതിനനുസരിച്ച് മാർക്ക് നൽകും എന്ന് പറഞ്ഞു. എല്ലാ ഗ്രൂപ്പും മാർക്ക് വാങ്ങാനുള്ള വാശിയിലായിരുന്നു.എങ്കിൽപ്പോലും അഞ്ച് ഗ്രൂപ്പും

പരസ്പരം സഹായിച്ചുമാണ് കഴിഞ്ഞിരുന്നത്.

പിന്നീട് ഞങ്ങൾ പരസ്പരം നല്ല കൂട്ടുകാരായി തന്നെ ഗ്രൂപ്പിനു വേണ്ടി പ്രവർത്തിച്ചു.ചായ കുടിച്ചതിന് ശേഷം അനന്തൻ മാഷ് പ്രകൃതിയെ കുറിച്ച് പറഞ്ഞ് തന്നു.അപ്പോൾ എന്റെ മനസ്സിൽ

എന്തെന്നില്ലാത്ത ഒരാകാംഷ ഉയർന്നുവന്നു. ഞാൻ

കണ്ടറിഞ്ഞ കേട്ടറിഞ്ഞ പ്രകൃതിയെക്കുറിച്ച് അതിനേക്കാൾ ഏറെയും അന്ന് മാഷ്പറഞ്ഞു. ഇന്നത്തെ യുവതലമുറകൾ പ്രകൃതിയെ ഇഷ്ടപ്പെടാത്തവരാണ്. പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിഞ്ഞും മരങ്ങൾ മുറിച്ചും ജീവജാലങ്ങളെ നശിപ്പിച്ചും

സന്തോഷം കണ്ടെത്തുന്നവർ.നാം തന്നെയാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടത് എന്ന ബോധം എന്നിലുണ്ടായി.പിന്നീട് പത്മനാഭൻ മാഷ് സംസാരിച്ചു. വൈവിധ്യമാർന്ന പ്രകൃതിയിലെ ഓരോന്നിനെക്കുറിച്ചും അദ്ദേഹം പറഞ്ഞു തരുകയുണ്ടായി.കഥപറയുകയും പാഠങ്ങളെക്കുറിച്ചും
പറഞ്ഞുതന്നു.അപ്പോൾ ഞാനറിയാതെ ഒരു പ്രകൃതി
സ്നേഹിയായി മാറി.ഉച്ചയ്ക്ക് ഭക്ഷണം കഴിച്ചതിനു
ശേഷം റാണിപുരം കുറച്ച് ദൂരം നടന്നു വന്നു.അനന്ദൻ
മണ്ണിനെ കുറിച്ച് പറഞ്ഞു.അപ്പോൾ ആ സമയം പോയതുപോലുമറിഞ്ഞില്ല.ഞങ്ങൾ
റൂമിൽ പോയി ഫ്രഷായി.രാത്രി ഭക്ഷണത്തിനു ശേഷം അനന്ദൻ മാഷ്
ക്ലാസ്സെടുത്തു.എന്നാൽ ഉറക്കത്തിന്റെ ക്ഷീണത്താൽ
ശ്രദ്ധിക്കാൻ പറഞ്ഞു. എന്നാൽ ഞങ്ങൾക്ക് താൽപര്യമുള്ള പൂമ്പാറ്റകളെ കുറിച്ച് വീഡിയോ കാണിച്ച് തന്നു. കേരളത്തിലെ '347' പൂമ്പാറ്റകളിൽ ചിലതിനെക്കുറിച്ച് പരിജയപെടുത്തി.ബുദ്ധമയൂരി,
ചൊട്ടശലഭം,ലൈൻ ബട്ടർ ഫ്ലൈ എന്നിങ്ങനെ പലതരത്തിലുള്ള പൂമ്പറ്റകൾ എന്നെ ഏറെ അത്ഭുതപെടുത്തി.11 മണിയോടെ അന്നത്തെ ക്ലാസ് അവസാനിച്ചു.ഞങ്ങൾ കിടന്നുറങ്ങി.ശനിയാഴ്ച രാവിലെ അഞ്ച് മണിക്ക് തന്നെ എഴുന്നേറ്റ് കുളിച്ച് റൂം
വൃത്തിയാക്കി.ഞങ്ങൾ എല്ലാവരും പക്ഷി നിരീക്ഷണത്തിനായി റെഡിയായി.കുഞ്ഞികൃഷ്ണൻ മാഷ് പക്ഷികളുടെ ശബ്ദങ്ങളെക്കുറിച്ചും പ്രത്യേകതകളെക്കുറച്ചും പറഞ്ഞുതന്നു. അതിനിടയിൽ
വേറെ കേൾക്കാത്ത പക്ഷികളുടെ ശബ്ദം എന്നെ
ഏറെ ആകർഷിച്ചു. 7.15 ഓടെ ഞങ്ങൾ തിരികെ
മുറിയിലെത്തി. ചായകുടിച്ചു. അപ്പോഴാണ് ഞങ്ങൾക്ക്
സന്തോഷവാർത്തയുമായി അനന്ദൻ മാഷ് വന്നത്.
റാണിപുരം കുന്ന്കയറാൻ പോകുന്നുണ്ട് എന്നറിഞ്ഞത്.ഞങ്ങൾക്ക് പോകാൻ തിടുക്കമായി.
അഞ്ച് ഗ്രൂപ്പുകളിലായിട്ടാണ് യാത്ര തുടർന്നത്.
പോകുന്ന വഴിൽ വിലാസിനി എന്ന പൂമ്പാറ്റ ഞങ്ങളെ
വരവേൽക്കാൻ നിലനിൽക്കുന്നതു പോലെ എനിക്ക് തോന്നി.വെള്ളയും കറുപ്പും ഓറഞ്ചും ചേർന്നതാണ് നിറം.കുഞ്ഞി കൃഷ്ണൻ മാഷ് പറഞ്ഞു തന്ന ഒരുപാട് പൂമ്പാറ്റകൾ ഞാൻ നേരിൽ കണ്ടു.നടന്ന് നടന്ന് ഒരു കുന്നിൻ മുകളിലെത്തി.

അവിടുന്ന് ഫോറസ്റ്റ് റേഞ്ചർ ഞങ്ങൾക്ക് അതിന്റെ പ്രത്യേകതകൾ
വിവരിച്ച് തന്നു. "ഒരു യോദ്ധാവ് എവറസ്റ്റ് കീഴടക്കും പോലെ "
മണിക്കൂറുകളോളം കയറി. ഞാൻ ഞെട്ടിപ്പോയി.കാരണം ആമയുടെ രൂപമായിരുന്നു
അതിന്.കല്ലുകൾ കൊണ്ടാണ് ആ രൂപം ഉണ്ടായത്.
ഞങ്ങൾ അവിടുന്ന് യാത്രയായി.വിശ്രമിച്ചു.എല്ലാവരും
പരസ്പരം ആഹാരം കൈമാറുന്നത് കാണാനിടയായി.
അനന്ദൻ മാഷ് സംസാരിച്ച് തുടങ്ങി.പെട്ടെന്നാണ്
മഴയുടെ വരവ്.ഞങ്ങൾ മഴ ആസ്വദിച്ചുകൊണ്ട്
മലയിറങ്ങി.ആ മഴ എന്റെ ജീവിതത്തിൽ ഏറെ
ആഹ്ലാദകരമായ ഒന്നായി മാറി.മഴ ഒന്ന് തലോടി അത് വേറെങ്ങോട്ടോ വഴി
മാറിപ്പോയി. 2.5 ഓട്ടുകൂടി
ഞങ്ങൾ താഴെയെത്തി. വരിയായി റിസോർട്ടിലേക്കെത്തി.ചില കൂട്ടുകാർ മല
കയറാൻ
മടിച്ച് വരുന്നില്ല എന്ന് പറഞ്ഞ് വന്നവർ വരുമ്പോൾ
മലയിൽ കണ്ട കാര്യങ്ങൾ പരസ്പരം വിവരിക്കുമ്പോൾ എന്റെ എല്ലെ
സങ്കടങ്ങളും മറന്ന് വച്ച് ഞാനും അവർക്കിടയിൽ കൂടി. ഭക്ഷമം കഴിച്ചു.
ഫ്രഷ് ആയതിനു ശേഷം അടുത്തത് ക്യാമ്പിന്റെ
അവസാന ഘട്ടമായിരുന്നു.അനന്ദൻ മാഷ് രണ്ടു
ദിവസത്തെ ഓരോ കാര്യവും വിവരിച്ച് പറഞ്ഞു. അങ്ങനെ ഓരോരുത്തരും
അനുഭവങ്ങൾ പങ്കുവച്ചു.
എല്ലാവരും പറഞ്ഞത് ഈ ക്യാമ്പ് രണ്ട് ദിവസം കൂടി
വേണമെന്നായിരുന്നു.എല്ലാവർക്കും സർട്ടിഫിക്കറ്റ്
ചെയ്തു.ഞങ്ങളുടെ ക്യാമ്പിന്റെ അവസാന നിമിഷമായിരുന്നു അത്.എല്ലാവരും
സന്തോഷത്തോടെ ആയിരുന്നു പിരിഞ്ഞത്.ഈ ക്യാമ്പിൽ പങ്കെടുക്കാൻ
പറ്റിയതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു.റാണിപുരത്തിനോട് വിട പറയുമ്പോൾ
എന്തോ പഠിക്കാൻ ബാക്കിയായയതു പോലെ തോന്നി.ബസ് വന്നപ്പോൾ എല്ലാവരും
സന്തോഷത്തോടെ ബസിൽ കയറി.അങ്ങനെ ക്യാമ്പ് അവസാനിച്ചു.എന്റെ
ജീവിതത്തിൽ എനിക്ക് ഇഷ്ടപ്പെട്ട ഓർമ്മകളിൽ ഒന്നാണ് റാണിപുരം ക്യാമ്പ്.
എന്നെ ഈ ക്യാമ്പിൽ പങ്കാളിയാക്കിയ എന്റെ സ്കൂൾ ഹെഡ്മാസ്റ്റർക്ക് എന്റെ
ഹൃദയം നിറഞ്ഞ നന്ദി. **മഞ്ജിമ പി.പി 10 B**

# കഥ

## നഷ്ടപ്പെട്ട പോയ കേരളത്തനിമ

അപ്പുവിന്റെ മനസ്സിൽ നിറയെ അമ്മൂമ്മ പറഞ്ഞ് കൊടുത്ത ആ പഴയ കാലത്തെ ഓർമകൾ ആയിരിന്നു.
അവന്റെ മനസ്സ് ആ പഴയ കാലത്തേക്കു പിന്തിരിഞ്ഞു
നടന്നു. വലിയ പറമ്പും അതിലൊരു വീടും വീട്ടിൽ ഒരുപാട് ആളുകളും. പറമ്പിലാകടെ മൂവാണ്ടൻ മാവും,
അതിന്റെ കൊമ്പത്തൊരുഞ്ഞാലും മാവിൻ കൊമ്പത്ത് ഉറികൾ പോലെ തൂങ്ങിക്കിടകുന്ന കിളിക്കൂട്ടമൊകെ മനസ്സിൽ നിറഞ്ഞു നിന്നു.മുറ്റത്തും
പറമ്പിലും നിറയെ മുല്ലയും, പിച്ചിയും,തെച്ചിയും, തുമ്പയും അവയുടെ തേൻ നുകരാൻ എത്തുന്ന പൂമ്പാറ്റകളും തുമ്പികളും എന്ത് ഭംഗിയുള്ളതായിരുന്നു നമ്മുടെ നാട്.അന്ന് കൂട്ട് കുടുംബം ആയിയിരുന്നത് കൊണ്ട് അമ്മാവൻ,ചെറിയമ്മ,അവരുടെ മക്കൾ,വീട്ടിൽ കളിക്കാൻ ഇഷ്ടം പോലെ കൂട്ടുകാർ, ഉത്സവക്കാലമായാൽ കുട്ടികൾക്ക് മുതിർന്നവരുടെ
കൈയിൽ നിന്നും നിറയെ സമ്മാനങ്ങൾ കിട്ടുമ്പോഴുണ്ടാകുന്ന സന്തോഷത്തെക്കുറിച്ചൊക്കെ
പറയുമ്പോൾ അമ്മൂമ്മയിടെ കണ്ണുകൾക്ക് വല്ലാത്തൊരു
തിളക്കം.പെട്ടെന്ന് അപ്പു ചിന്തകളിൽ നിന്ന് ഞെട്ടി
ഉണർന്നു. ചുറ്റിലും ആരുമില്ല.മുന്നിൽ ടി.വിയിൽ ആരോ പാട്ടുപാടുന്നുണ്ട്. നഷ്പ്പെട്ടുപോയ ആ കേരളത്തനിമ തിരിച്ച് വരുമോ ........

അവൻ നെടുവീർപ്പോടെ ടി.വിയിൽ കണ്ണുനട്ടിരുന്നു.

**അനന്യ.സി 4.B**

# കവിത

## മമനാട്

കേരളനാടേ  മലനാടേ
കേരം തിങ്ങി മമനാട്
വയലുകളും പുൽമേടുകളും
ആറുകളും കാട്ടരുവികളും
തൂമണമൊഴുകും പൂന്തോപ്പുകളും
കവികുലനാഥൻ വാഴ്ത്തിപ്പാടിയ
ചാരുതയേറും കൈരളിയും
കഥകളിയും തിരുവാതിരയും
പിറവിയെടുത്തൊരു മലനാടെ
വാഴ്ക വാഴ്ക നിത്യം നീ............

**അനന്യ.സി**
**4B**

കവിത

## എന്റെ നാട് സുന്ദരനാട്

ലാ ലാ ല ല ല ല ല ല
എന്റെ നാട് എന്തു ഭംഗി എന്തുഭംഗി,
കാടും മേടുംനിറഞ്ഞ ഭംഗി
മലകളും പുഴകളും പൂത്തഭംഗി
കലകലും കവികളും
എന്റെ നാട്ടിൽ
എന്തു ഭംഗി എന്തു ഭംഗി
എന്തു ഭംഗി
ലാ ലാ ല ല ല ല ല ല

## ഓർമ്മ

അമ്മയില്ലാത്തൊരാക്കാല
മെന്നെ നോക്കി വളർത്തിയ
ചേച്ചി അമ്മേ ഓർക്കുന്നു
ഞാനെൻറെ ബാല്യകാലം അമ്മ
കാണാത്തൊരെൻറെയാ
ബാല്യകാലം അമ്മയില്ലാതെ
ഞാൻ വളർന്നിട്ടുമ്പോൾ
ചേച്ചി അമ്മയ്ക്ക ഞാനൊരു ബാലപാഠം
അമ്മതൻ പൊൻവിളി
കേട്ടിടാൻ ഞാൻ മുറ്റത്തെ
തേക്കിനു ചാരി നിൽക്കും
അവനിയിൽ രമ്യമീ അമ്മ തൻ
വാക്കുകൾ അവനിയിൽ രമ്യമീ
അമ്മതൻ പുഞ്ചിരി.

സംഗീത് .വി.വി7.A

# കഥ

## മാജിക് ബുക്ക്

ഒരു ദിവസം ഒരു രാജാവ് ഉണ്ടായിരുന്നു.അദ്ദേഹം നല്ലവനായിരുന്നു .ആ രാജാവ്കൊട്ടാരത്തിൽ നിന്ന് തന്റെ മകളെയും കൂട്ടി ഒരു ദൂരയാത്ര പോയി ആ മകളുടെ പേര് 'എലക്സ'എന്നാണ്. അങ്ങനെ രാജാവും മകളും വേറൊരു രാജ്യത്തെത്തി. രാജാവിന് ഭാര്യ ഉണ്ടായിരുന്നില്ല. ഭാര്യ ഒരു മന്ത്രവാദിയുടെ കൈയ്യിൽഅകപ്പെട്ടതായിരുന്നു.അങ്ങനെ ആ രാജാവും ആ മകളും മന്ത്രവാതിയുടെ വീട്ടിലെത്തി അങ്ങനെആ രാജാവും മകളായ 'എലക്സ'യും മന്ത്രവാതിയുടെ കൈയ്യിൽ അകപ്പെട്ടു. പിന്നെ ഈ മകൾ വളരുന്നത് മന്ത്രവാതിയു

ടെ വീട്ടിലായിരുന്നു.അങ്ങനെയിരിക്കെ ആ രാജാവ് മരിച്ചു.പിന്നീട് രാജകുമാരി മന്ത്രവാദിയെ അമ്മയാണെന്ന് വിചാരിച്ച് അവരോടൊപ്പം ജീവിച്ചു. ഒരു വലിയ കാട്ടിലായിരുന്നആ മന്ത്രവാദിയുടെ വീട് അങ്ങനെയൊരിക്കൽ വഴി അന്വേഷിച്ച് വന്ന അധിസുന്ദരനായ ഒരു രാജകുമാരൻ വേറൊരു രാജ്യത്ത് നിന്ന് ആ രാജാവിന്റെ മകളെ അന്വേഷിച്ച് വന്നതാണ്. അങ്ങനെ ആ രാജാവ് ആ കാട്ടിൽ അവളെതേടി വന്നു. രാജകുമാരൻമന്ത്രവാദിയുടെ കോട്ടയിലെത്തി.

ഈ സമയം മന്ത്രവാതി ഉണ്ടായിരുന്നില്ല. അങ്ങനെ സുന്ദരനായ രാജാവ് ആ മകളെ കണ്ടുമുട്ടി അങ്ങനെ ആ രാജാവ് ആ കോട്ടയുടെ അകത്തേക്ക് പ്രവേശിച്ചു. പെട്ടെന്ന് എലക്സഅവനെ കണ്ടപ്പോൾ ഒരു വടിയെടുത്ത് ഒറ്റയടി അങ്ങനെ ആ രാജാവ് ബോധമില്ലാതെയായി പിന്നീട് ആ രാജാവ് താൻ വന്നകാര്യം അവളോട് പറയുകയും ചെയ്തു. പെട്ടെന്ന് ആ മന്ത്രവാതി ഈ രാജാവിനെയും അവളെയും കണ്ടു. എന്നിട്ട് ഒരു മന്ത്രം ചൊല്ലുകയും അവര് രണ്ട് പേരും ഒരു പുസ്തകത്തിന്റെ അകത്ത് ആവുകയും ചെയ്തു. ആ സ്ഥലം ഒരുമരുഭൂമിയായിരുന്നു. അങ്ങനെ ആ രാജാവിന്റെ കണ്ണ് കാണാതായി. എലക്സ കരഞ്ഞു അവളുടെ കണ്ണുനീര് അവന്റെ മുഖത്തേക്ക് ഓരോ തുള്ളിയായി ഉറ്റി. ഈ സമയം അവന്റെ കണ്ണ് നേരാവുകയും ആ ദുഷ്ടയായ മന്ത്രവാതി അവസാനിക്കുകയും ചെയ്തു.

**തൻവീറ 9A**

## കുട്ടികൾക്കായി

**ആധുനികലോകം ഐ.ടി യുഗത്തിലേക്ക് ചിന്തകൾ, സൂപ്പർ സോണിക് വിമാനം പോലെയും ഭക്ഷണശീലം ഫാസ്റ്റ് ഫുഡിലേക്കും മാറുമ്പോൾ നാം നഷ്ടപ്പെടുത്തുന്നത് നമ്മുടെ വരദാനമായി കിട്ടിയ ജീവിതത്തെ അല്ലേ കിട്ടുന്ന മിഠായികളും, ഷവർമയും,കബ്ബൂസും, പഫ്സും കഴിക്കുമ്പോൾ മാരക രോഗങ്ങളിലേക്കും നാം വഴിതെറ്റി പോകുന്നു. ലഹരി മരുന്നുകളിൽ സുഖം കണ്ടെത്താൻ ശ്രമിക്കുന്നവർ നശിപ്പിക്കുന്നത് സ്വന്തം ജീവിതത്തേയും സമൂഹത്തേയുമാണ്.**

**ലോകത്തിലെ ചതികൾ തിരിച്ചറിഞ്ഞ് നല്ല ശീലങ്ങൾ ശീലിച്ച് നല്ലവരായി തീരാൻ നിങ്ങൾക്ക്കഴിയട്ടെ.**

**രജനി ടീച്ചർ**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്**

# ലേഖനം

## നവകേരളം

കേരളം അറുപത്തിരണ്ടാം ജന്മദിനം ആഘോഷിക്കുന്ന വേളയിൽ കേരളം കൈവരിച്ച നേട്ടങ്ങളെപ്പറ്റി നാം ചിന്തിക്കേണ്ടി ഇരിക്കുന്നു.വിവരസാങ്കേതികമായ വിദ്യയിൽ അധിഷ്ഠിതമായ ഭരണസംവിധാനത്തിൽ മലയാളത്തിന്റെ ഉപയോഗം കുറയുകയാണ്. ഭാഷയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട നാടാണ് കേരളം.ശാസ്ത്ര സാങ്കേതികമായ വളർച്ചയിൽ കേരളം മുൻപന്തിയിൽ തന്നെയാണ്. എന്നാൽ അത് ഒരിക്കലും തൃപ്തികരമല്ല.

മാനുഷിക പുരോഗതി ഇവിടെ സംഭവിക്കുന്നില്ല. നവോത്ഥാന നിർമിതമായ ജാതിവിരുദ്ധവും മതപണ്ഡിതവുമായ സാമൂഹിക അടിത്തറ അത്ര ശക്തമല്ല. അതിനാൽ തന്നെ നാം പിന്നിലാവുകയാണ്. ലിംഗ അസമത്വം ഇന്നും നിലനിൽക്കുന്നുണ്ട്. സാമ്പത്തികപരമായി ഇന്ന് സമൂഹം വിഭജിക്കപ്പെടുന്നു. അതും തടയണം. മാനുഷിക പുരോഗതി പ്രകൃതിയെ നശിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം.

ആദ്യമായി കേരളം തീരുമാനിക്കേണ്ടത് എന്തായിരിക്കണം. വികസന മാതൃക എന്നാണ് നവ കേരളം നാം പടുത്തുയർത്തണം. പ്രളയം കാരണം ജീവിതോപായം തന്നെ നഷ്ടപ്പെട്ടവർ പലതാണ്.വീടുകളും ആവാസവ്യവസ്ഥകളും പുനർനിർമ്മിക്കണം. പരിസ്ഥിതിയെ നാം സംരക്ഷിക്കണം.400 പേരുടെ ജീവനെടുത്ത 14 ലക്ഷം പേരെ ഭവനരഹിതരാക്കിയ മഹാപ്രളയത്തിന്റെ മുഖ്യകാരണം പരിസ്ഥിതി തകർച്ചയാണ്. ഒരു മലനിര അതിൽ നിന്നും ഒഴുകുന്ന പല പുഴകൾ, കേരളം ശരിക്കുമൊരു നീർത്തടമാണ്. അതിലൂടെ സുഗമമായി ജലത്തിനു സഞ്ചരിക്കാൻ വഴി വേണം.

മൂന്നാർ വിനോദസഞ്ചാരത്തിലെത്തിയത് ആകെ ഒരു ലക്ഷം പേരാണ്. കേരളത്തിന്റെ പ്രധാന വരുമാനം അതോടെ നിലച്ചു.കേരളത്തിന്റെ പ്രധാന വരുമാന മാർഗമായ തൊഴിൽ നൽകുന്ന വിനോദ സഞ്ചാര മേഖലയും നാം ശ്രദ്ധിക്കണം.

സുസ്ഥിരവികസനം സാധ്യമാകണം.ജൈവവൈവിധ്യം നശിപ്പിക്കുന്നതിന് കർശന ശിക്ഷ നൽകണം.പരിസ്ഥിതി സൗഹൃദ വസ്തുക്കൾ കൊണ്ടുള്ള വീടിനുമാത്രം അനുമതി.മതിലുകൾക്ക് നിരോധനം. ഒന്നിലധികം വണ്ടികളുടെ ഉടമയ്ക്ക് അതികനികുതി.പാഠ്യപദ്ധതി സംസ്കാരവും,വിദ്യാഭ്യാസവും,ആരോഗ്യവും എങ്ങനെ കച്ചവടമാക്കാമെന്ന വിചാരത്താൽ നയിക്കപ്പെടുന്ന അവസ്ഥയിലാണ് ഇന്ന് നാം.

നാം മാറേണ്ടിയിരിക്കുന്നു.സമഗ്രവികസനം സാധ്യമാകണം.അങ്ങനെ

**നാം ഉന്നതിയിലെത്തണം.നവകേരളം എന്നത് കഠിനപ്രയത്നത്തിലൂടെ മാത്രമേ സാധ്യമാവൂ.അതിനാൽ തന്നെ നാം നന്നാവുകയും നമ്മുടെ സംസ്ഥാനം പിന്നീട് നന്നാവുകയും വേണം.അങ്ങനെ നവകേരളം സാധ്യമാവും.**

**രാജലക്ഷ്മി.എം.7B**



# ലേഖനം

## കേരളപ്പിറവി

### വിഷയം: നവകേരളസൃഷ്ടി

നവകേരള സൃഷ്ടിക്കായി നമുക്ക് ഒന്നുചേരാം..
ഏകദേശം മുപ്പതിനായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് വരും വർഷങ്ങളിലായിട്ട് നടക്കുന്നത്.

കേരളത്തെ വരുംതലമുറയ്ക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് ഉപയോഗം കൊണ്ടും മറ്റും ദാഹമകറ്റാൻ വെള്ളം കൊടുക്കേണ്ട അവസ്ഥയിൽ പ്ലാസ്റ്റിക്കുകൾ നൽകുന്നു.

2016 നവംബറിൽ പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ കേരളത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് നവ കേരള മിഷൻ. മുൻഗണനാടിസ്ഥാത്തിൽ ഏറ്റവും പ്രധാനപ്പെട്ട ആറ് മേഖലകളിലായി നാല് മിഷനുകളുടെ പ്രവർത്തനമാണ് ആരംഭിക്കാൻ ഉദ്ധേശിച്ചിരിക്കുന്നത്.അങ്ങനെ നവമാധ്യമങ്ങൾ.

കേരളം ഇനിയും മാറ്റപ്പെടാനുണ്ട്. നാം ഇനിയും പുതിയകേരളമാക്കി മറ്റാനുണ്ട്. ഇതിനെല്ലാം കാരണക്കാരൻ മനുഷ്യനും പ്ലാസ്റ്റിക്കും. കേരളത്തെ ചെകുത്താന്റെ നാടായി മാറ്റുകയാണ് ഇന്നത്തെ മനുഷ്യൻ.ദൈവത്തിന്റെ നാട് എന്നവാക്ക് മാറ്റേണ്ട സാഹചര്യം വന്നുകഴിഞ്ഞു.

നവകേരള സൃഷ്ടിക്കായി നമ്മുക്കൊരുമിക്കാം.

ഫാത്തിമത്ത് സഫ്ന
7-ബി



# കവിത

## റോസാപ്പൂവ്

എന്തു ഭംഗി റോസാപ്പൂവേ
നിന്നെ കാണാൻ എന്തു ഭംഗി
നിൻറെ പുഞ്ചിരി കാണവാനോ
എന്തു നല്ല ഭംഗിയാണേ
നിന്നെയെങ്ങാൻ കണ്ടുപോയാൽ
നോക്കി നിന്നു പോകും ഞങ്ങൾ
എൻറെ പ്രിയ റോസാപ്പൂവേ
നിന്നെ കാണാൻ എന്തു ഭംഗി
നിൻറെ ഗന്ധം എല്ലാവർക്കും
പുഞ്ചിരി നൽകീടുന്നു
നീ വിടർന്നിടുന്ന നേരം
എല്ലായിടത്തും ഗന്ധം
നിൻറെ നിറം കാണുമ്പോൾ
സന്തോഷമാണെനിക്ക്
ശലഭങ്ങൾ തേൻ നുകരാൻ
നിന്നരികിൽ എത്തീടുന്നു
എൻറെ പ്രിയറോസാപ്പൂവേ
പൂവേ എൻ റോസാപ്പൂവേ



**രഞ്ജന മോൾ  ഒൻപത്  എ**


# ലേഖനം

## അതിജീവിക്കാം പ്രളയത്തെ

2018-ൽ നമ്മൾ ഏറ്റവും വലിയ ഒരു പ്രളയത്തിന് സാക്ഷിയായി.മനുഷ്യൻ കെട്ടിപ്പടുത്ത എല്ലാ സ്വപ്നങ്ങളും തകർന്നു പോയിരിക്കുന്നു.മനുഷ്യൻറെ അശാസ്ത്രീയമായ ഇടപെടലുകൾ മൂലം നമ്മുടെ ഭൂമി ഓരോ നിമിഷവും മരിച്ചു കൊണ്ടിരിക്കുന്നു.മനുഷ്യൻ തന്നെയാണ് ഈ പ്രളയത്തിന് കാരണം.മനുഷ്യന് എല്ലാകാര്യത്തിലും അത്യാഗ്രഹമാണ്.എല്ലാം തനിക്കുള്ളതാണെന്ന വിചാരം. ദൈവത്തിൻറെ സ്വന്തം നാടായ കേരളമാണ് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്.നമ്മുടെയെല്ലാം പെറ്റമ്മയാണ് ഭൂമി. പെറ്റമ്മയെയും ജനിച്ച നാടും ഒരു കാലത്തും മറക്കരുത്. ഇനി വരുന്ന തലമുറക്ക് എങ്ങനെ പ്രകൃതിയെ സംരക്ഷിക്കാം എന്നത്മനുഷ്യചിന്തയിൽഉൾപ്പെടുത്തേണ്ടതാണ്.കാടും മലയും ജലസ്രോതസ്സുകളും സംരക്ഷിക്കുക.കുന്നുകൾ നശിപ്പിക്കാതെ വയലുകൾ നശിപ്പിക്കാതെ പുതിയ കേരളത്തെപടുത്തുയർത്തണം. എന്ന വലിയ സൂചന ഈ പ്രളയംപുഴകളും വയലുകളും കുന്നുകളും സംരക്ഷിക്കുന്നതുമൂലം അവിടെ പുതിയ ഒരു ആവാസ വ്യവസ്ഥ നിലനിൽക്കുന്നു.അതു കൂടാതെ മരങ്ങൾ നശിപ്പിക്കരുത്.ഒരു മരം മുറിച്ചാൽ അതിനുപകരം ആയിരം മരങ്ങൾ നടണം.ദൈവത്തിൻറെ സ്വന്തം നാടായ കേരളത്തിൽ ജാതിയുടെയും മതത്തിൻറെയുംപേരിൽ തമ്മിൽ തല്ലാതെ ഒന്നിച്ചു നിന്നതു മൂലം പ്രളയത്തെ അതിജീവിക്കാൻ നമുക്ക് സാധിച്ചു.ഒരു ആപത്തുവന്നാൽ എല്ലാവരും ഒരുമിച്ചു നിൽക്കും എന്ന് അതിൽ നിന്ന് മനസ്സിലായി.ഇനി കേരളത്തിൻറെ പുനർനിർമ്മാണപ്രവർത്തനം നടക്കുമ്പോൾ വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുവയ്ക്കുവാൻ സഹായിക്കുക.പക്ഷേ ആർഭാടത്തിനും അലങ്കാരത്തിനും ആവരുതത്. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം എ നൽകുന്ന.മരങ്ങൾവച്ചുപിടിപ്പിക്കുക,ജലസ്രോതസ്സുകൾസംരക്ഷിക്കുക.ശാസ്ത്രീയമല്ലാ ത്തരീതിയിൽഒരുപ്രവർത്തനവുംനടത്തരുത്.പ്രളയത്തിൽ എല്ലാം നശിച്ചവരെ സഹായിക്കുക.ഡാമുകളും അണക്കെട്ടുകളും ആവശ്യമില്ലാതെ തുറന്നുവിടരുത്.ദൈവത്തിൻറെ സ്വന്തം നാടിനെ പഴയതുപോലെയാക്കുക.കേരം തിങ്ങുംകേരളത്തെസംരക്ഷിക്കുക. **ദേവികരാജ് എട്ടാംതരം എ**

# വരകൾ വർണ്ണങ്ങൾ


## ചിത്രശേഖരം









# കവിത

## മൗനം

മൗനം മെയ്യിലുഴിഞ്ഞ് കണ്ണിൽ തെളിയിച്ചു
വാചാലത കടന്നു കേറിവന്ന് നാവിന്റെ ശുദ്ധത ചൂഴ്ന്നെടുത്തു
കളയാതിരിക്കാൻ പല്ലുകൾ അടക്കി വച്ചു.
നന്ദി വാക്കുകൾ ചൊരിഞ്ഞാൽ ഹൃദയത്തിൽ
നിന്ന് ചോർന്നു പോകാതിരിക്കാൻ
നന്ദി നേരൽ മൗനത്തിലൊളിപ്പിച്ച
സ്നേഹിച്ചാൽ സ്നേഹം ചോർന്നു പോകുമോ
എന്ന വ്യഥയാൽ,സ്നേഹം മറച്ചു വച്ചു
പുഞ്ചിരിച്ചാൽ മുഖം കോടിപ്പോകു
മെന്നോർത്ത് ചിരികടിച്ചമർത്തി



ഒടുവിൽ ഒടുവിൽ പൊന്നുരുക്കു
ന്തിടത്തെ പൂച്ചമാത്രമാണോ എന്ന
തോന്നൽ,തിരിച്ചറിയേണ്ടിവന്നു
മൗനത്തിന്റെ പുറംചട്ട പൊളിച്ചു മാറ്റി,
വാചാലമാക്കി നാവിന്റെ ശുദ്ധത;
വെളിപ്പെടുത്തി,ഒടുവിൽ തിരിച്ചറിയുന്നു,
ലോകം സുന്ദരവും,അവർണനീയവും
ചിന്തകൾ വിശാലവുമാണെന്ന്.

റീന ടീച്ചർ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# അനുഭവക്കുറിപ്പ്

## എന്റെ അവധിക്കാലം

സ്കൂൾ വിട്ട് വീട്ടിലേക്ക് നടക്കുമ്പോൾ
നരേൻ പറഞ്ഞു.വേനലവധി കഴിഞ്ഞ് സ്കൂൾ തുറന്ന ദിവസം തന്നെ ടീച്ചർ തന്ന
പണിയാണ് .അടുത്ത ക്ലാസിൽ എല്ലാവരും
പ്രബന്ധം എഴുതിക്കൊണ്ട് വരണം.
വിഷയം-എന്റെ അവധിക്കാലം.എന്റെ കളിക്കൂട്ടുകാരനാണ് നരേൻ.കണക്കിൽ
മിടുക്കനാണവൻ.അവനാണ് ക്ലാസിൽ കണക്ക് ചെയ്യാൻ
എന്നെസഹായിക്കാറുള്ളത്
ഉപന്യാസം എഴുതാൻ ഞാനും അവനെ
സഹായിക്കും.വേനലവതിക്ക് നീ എവിടെയാ
യിരുന്നു.ഞാൻ ചോദിച്ചു.ഗ്രാമത്തിൽ,അപ്പൂ-
പന്റെ വീട്ടിൽ അപ്പോൾ ഗ്രാമത്തെക്കുറിച്ചെഴു
തണം.എന്താ എഴുതുക? നരേന് ഒന്നും
പിടികിട്ടിയില്ല.അവിടെ നീ എന്തൊക്കെ ചെയ്തു.പുഴയിൽ നീണ്ടി ചൂണ്ടയിട്ടു.
അപ്പൂപ്പന്റെ കൂടെ കാട്ടിലൂടെ നടന്നു.നീ
അതൊക്കെ എഴുതൂ ഞാൻ പറഞ്ഞു.ബാഗിൽ
നിന്ന് പുസ്തകമെടുത്ത് അവനൊരു കണക്ക്
ചെയ്യുന്നു.നിമിഷങ്ങൾക്കകം പുസ്തകം
എന്റെ നേരെ നീട്ടി.അപ്പൂപ്പന്റെയും അമ്മൂമ്മ
യുടെയും കൂടെ ഗ്രാമത്തിൽ ഞാൻ ചെലവഴി ച്ചത് .ഗ്രാമത്തിൽ താമസിക്കാൻ
നല്ല രസമാണ് .അവിടെ ചൂണ്ടയിട്ടതും കാട്ടിലൂടെ നടന്നതും നിനക്കെഴുതിക്കൂടെ
?ഞാൻ ചോദിച്ചു.നരേൻ സമ്മതിച്ചു. ഞാൻ നരേന് വേണ്ടി എഴുതാൻ
തുടങ്ങി.വീട്ടിലെത്തിയതും എല്ലാംഓർത്തെടുത്ത്ഞാൻഎഴുതി. ഉപന്യാസം
അവന് നന്നായി ഇഷ്ടപ്പെട്ടു.
ഇനി ഞാനിത് പകർത്തിയെഴുതട്ടെ.
ഇനി നീ വേഗം നിന്റെ പ്രബന്ധം
എഴുതിക്കോളൂ.അവൻ യാത്ര പറഞ്ഞ് വീട്ടിലേക്ക് പോയി.ഞാൻ എഴുതാ

നിരുന്നു.ഒരുപാട് നേരം ശ്രമിച്ചിട്ടും എനിക്ക് നല്ലൊരു പ്രബന്ധം എഴുതാനായില്ല.
കാരണമെന്തെന്നോ ? ഞാനും ഗ്രാമത്തിലാണ് അവധിക്കാലം ചെലവഴിച്ചത് .എന്റെ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും കൂടെ ഞാനും പുഴയിൽ നീന്തിത്തുടിച്ചു.പാടത്തുംകാട്ടിലുംപോയി.മുത്തച്ഛൻ കഥകൾ പറഞ്ഞു.മുത്തശ്ശി പാട്ടുകൾ പാടിത്തന്നു. ഇതെല്ലാം ഞാൻ നരേന്റെ ഉപന്യാസത്തിൽ എഴുതിയല്ലോ.സ്വന്തം അനുഭവം കൂടി ആയതിനാലാണ് എനിക്കത്രയും എഴുതാനായത് .ഇനിയൊട്ടും സാമ്യമില്ലാത്ത മറ്റൊന്ന് എഴുതണം.ഇല്ലെങ്കിൽ ടീച്ചർ വിചാരിക്കും നരേന്റേത് പകർത്തിയതാണെന്ന് ! നാളെ ക്ലസ്സിൽ പ്രബന്ധംകാണിക്കണം.ഒരുപന്യാസം ഞാൻ ഒപ്പിച്ചെടുത്തു.അതിൽ പുഴയില്ല,കാടില്ല,അപ്പൂപ്പനും, അമ്മൂമ്മയുമില്ല.....പക്ഷികളുടെപാട്ടില്ല..... എഴുതിത്തീരുമ്പോൾ ഏറെവൈകിയിരുന്നു.ഏറ്റവും നന്നായത് നരേന്റെ ഉപന്യാസമാണ് .എല്ലാം പരിശോധിച്ച് ടീച്ചർപറഞ്ഞു.ടീച്ചറത് വായിച്ചു. അനുഭവങ്ങൾ ഭംഗിയായി പകർത്താൻ നിനക്ക് സാധിച്ചു.ടീച്ചർ അവനെ അഭിനന്ദിച്ചു.കുട്ടികൾ കൈയടിച്ചു.

രിസ്വാന 9a

# കുറിപ്പ്

## തെയ്യം




ഇതാണ് ശ്രീ കരിംചാമുണ്ഡിയമ്മ.
ഇതുപോലെയുള്ള കുറേയേറെ തെയ്യങ്ങളുണ്ട്.വിഷ്ണ മൂർത്തി, ഗുളിയൻ,പൊട്ടൻ തെയ്യം, ചാമണ്ഡി, കുട്ടംബതെയ്യം, തൊണ്ടച്ചൻ തെയ്യം,ആട്ടക്കാരിത്തി, എന്നീ തെയ്യങ്ങൾ കുറേ സവിശേഷതകൾ ഉണ്ട്.ഈ തെയ്യങ്ങൾ അവതാരിച്ചുണ്ടായതാണ്.ഈ കരിംചാമുണ്ഡിയമ്മ ചില ക്ഷേത്രത്തിൽ തെയ്യം ആടിന്റെ ചോരയും, കോഴിയുടെയും ചോരയും കുടിക്കാറുണ്ട്.ഈ തെയ്യത്തിന് ചില സ്ഥലത്തിൽ പല ത്താണ്.

നന്ദു .എട്ട്.എ

# കഥ

## മനുഷ്യനായിക്കൂടെ

അന്ന് ഒരു അവധിദിവസമായിരുന്നു.പ്രത്യേകിച്ച്ഒന്നും തന്നെ ചെയ്യാനുണ്ടായിരുന്നില്ല. ദൈനദിനചര്യകൾക്ക

ശേഷം വെറുതെ ഒന്നു ചുറ്റാനിറങ്ങാമെന്നും വിചാരിച്ചു.

കോപാലേട്ടന്റെ പീടികയും കഴിഞ്ഞ് അപ്പുവിന്റെ വീടിനടുത്തുള്ള പാലത്തിലൂടെ നടക്കുകയായിരുന്നു.

മനസ്സിൽ വെറുതെ ഓരോന്ന് വിചാരിച്ചു.

"അതെ അങ്ങനെത്തന്നെ അവനെ വെറുതെ വിടരുത്"

"കൊല്ല്"!!

ഹ, ഹ , ഹ...

പാലത്തിനപ്പുറത്തുള്ള കവുങ്ങിൻ തോട്ടത്തിൽ നിന്നാണ് ആ ശബ്ദം കേൾക്കുന്നത്.എന്താ എന്നറിയാനുള്ള ആകാംക്ഷ എന്നെ അങ്ങോട്ട് പറഞ്ഞയച്ചു."ചെന്നു നോക്കിയപ്പോൾ ദയനീയം."

"കൊടുക്കവന് വെറുതെ വിടരുത്"

ഹ...ഹ...ഹ...

ഹോ! എന്തൊരു കഷ്ടം: ഒരു പാവം നായ് കുഞ്ഞ്.

അതിനെ മൂന്ന നാല് പിള്ളേർ ചേർന്ന് ഉപദ്രവിക്കുകയാണ.കല്ലെറിഞ്ഞും വടികൊണ്ടെറിഞ്ഞും

അവരുടെ ക്രൂരത പ്രകടിപ്പിച്ചു. ആ നായ് കുഞ്ഞിന്റെ കാലിന് നല്ലപോലെ വേദന പറ്റിയിട്ടുണ്ടാകും എന്ന്

ഞാൻ വിചാരിച്ചു. ഡാ..... ഞാൻ വിളിച്ചു.

അയ്യോ, സാറ്.....

ആ പാവം നായ് കുട്ടിയെ അവിടെ ഉപേക്ഷിച്ച് അവർ

പലവഴിക്കോടി.ഞാനതിനെ എടുത്ത് മൃദുലമായി ഒന്ന് തലോടി. അപ്പോഴും അത് വേദനകൊണ്ട് പോകുന്നുണ്ടായിരുന്നു.ഞാനതിനെ വീട്ടിൽ കൊണ്ടു വന്ന്

**സുരക്ഷിതമായി ഒരിടത്ത് കിടത്തി.മുറിവിന് മരുന്ന് വച്ചുകെട്ടി.അത് അപ്പോഴും നന്ദിയോടെ വാലാട്ടുന്നുണ്ടായിരുന്നു.ദിവസങ്ങൾ കടന്നു.അവൻ ആരോഗ്യം വീണ്ടെടുത്തു.അവൻ എന്റെ പ്രിയപ്പെട്ടവനായികഴിഞ്ഞു.ഒരു ദിവസം രാവിലെ ഞാൻ വീട്ടുപടിക്കലിൽനിൽക്കുകയായിരുന്നു.ഒരു വലിയ കാർ വന്ന് മുന്നിൽ നിന്നു.കാറിൽ നിന്ന് ഗോപാലേട്ടനും മൂന്നു നാലു പിള്ളേരും സ്ഥലത്തെ പോലീസ് സൂപ്രണ്ട് ഇറങ്ങിവന്നു.ഗോപാലേട്ടൻ വരാന്തയിൽ കിടന്ന നായികുഞ്ഞനെ എടുത്തു.സൂപ്രണ്ട് എന്നെ ഒന്ന് തുറിച്ചുനോക്കി.''കുഞ്ഞാമനാണ്പറഞ്ഞത് ''അത് ഗോപാലന്റെ നായ് ആണെന്ന്,കുറച്ചു ദിവസമായി അതിനെ കാണാതായിട്ട് ''വലിയ വില കൊടുത്ത് വാങ്ങിയതാണത്രേ.പിള്ളേരാണ് പറഞ്ഞ് ഇതിനെ സാറാണ് കൊണ്ടുപൊയതെന്ന് സൂപ്രണ്ട് എന്നെ കൊണ്ട് പിഴയടപ്പിച്ചു.ഞാനൊന്ന് ചിന്തിച്ചു.നായികുട്ടിയെ രക്ഷിച്ചു.രക്ഷിച്ചതിനും പിഴയോ?**

**മഞ്ജിമ.പി. പി.**

**പത്താംതരം ബി**

# കവിത

## എന്റെ ഭാഷ

മലയാളമാണെന്റെ മാതൃഭാഷ
അതിമധുരമാം തിരയായ സ്നേഹ ഭാഷ
കവികളും, തിരകളും,ചന്ദ്രനും സൂര്യനും
വർണിച്ചൊരാമെന്റെ പുണ്യഭാഷ
മലയാളമെന്നൊരു കൊച്ചുഭാഷ

അമ്മയെന്നുള്ളൊരു നല്ലഭാഷ
അച്ഛനെന്നുള്ളൊരു നല്ലഭാഷ
മണ്ണെന്നു ചൊല്ലുന്ന വർണ്ണഭാഷ
മലയാളമെന്നൊരു മാതൃഭാഷ

(മലയാള..)

തേനൂറും മധുരമാം എന്റെ ഭാഷ
താളത്തിൽ ആടുമാം മധുരഭാഷ
വിജയിക്കു കൊച്ചുമലയാളമേ....
വിജയിക്കു തേനൂറും മധുരഭാഷ..

(മലയാള..)

**by AANMARIYA A N -5 b**

# പോസ്റ്റർ


## ഊർജ്ജ സംരക്ഷണം



# വാർത്ത

## കുട്ടികളുടെ ചലച്ചിത്രത്തിന് തുടക്കമായി

<u>അക്കാദമിക മാസ്റ്റർ പ്ലാനിൽ പെടുത്തി കുട്ടികളുടെ അഭിനയ മികവ് പുറത്തെടുക്കുന്നതിനും</u>
<u>പരിസ്ഥിതി സന്ദേശം നൽകുന്നതിനും വേണ്ടിയും വിദ്യാലയത്തിലെ കുട്ടികളെയും അധ്യാപകരെയും പിടിഎ അംഗങ്ങളെയും ഉൾപ്പെടുത്തിയാണ് ചലച്ചിത്ര ശില്പശാല സംഘടിപ്പിച്ചത്.തുള്ളി എന്ന് പേരിട്ട സിനിമയുടെ സ്വിച്ച് ഓൺ കർമ്മം പി.ടി.എ പ്രസിഡണ്ട് പി.വി.ശശിധരൻ നിർവ്വഹിച്ചു.</u>



# ഹ്രസ്വ സിനിമയിലൂടെ പരിസ്ഥിതിസന്ദേശം

**കാലിച്ചാനടുക്കം ▸** വിണ്ണിൽനിന്ന് പെയ്തൊഴിയുന്ന ഓരോ മഴത്തുള്ളിയും മണ്ണിൽ കാത്തിടാമെന്ന സന്ദേശം പകർന്ന് കുട്ടികളുടെ ഹ്രസ്വ സിനിമയൊരുങ്ങുന്നു. കാലിച്ചാനടുക്കം ഗവ. ഹൈസ്കൂളും വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നാണ് സിനിമ ഒരുക്കുന്നത്. അക്കാദമിക മാസ്റ്റർപ്ലാനിൽ പെടുത്തിയാണ് സിനിമാനിർമാണം. കുട്ടികളുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന അഭിനയമികവ് കണ്ടെത്തുന്നതിനൊപ്പം പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത നാടിന് പകർന്നുകൊടുക്കുകയെന്ന ലക്ഷ്യവും മുന്നിൽകണ്ടാണ് സ്കൂൾ അധികൃതർ സിനിമ നിർമിക്കാൻ തീരുമാനിച്ചത്. തുടർന്ന് കുട്ടികളെയും അധ്യാപകരെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി സ്കൂളിൽ ഏകദിന ചലച്ചിത്ര ശില്പശാല നടത്തി. ഇതിൽനിന്നാണ് അഭിനേതാക്കളെയും പിന്നണിപ്രവർത്തകരെയും കണ്ടെത്തിയത്.

തുടർന്ന് തുള്ളി എന്ന് പേരിട്ട് സിനിമയുടെ ചിത്രീകരണം ആരംഭിക്കുകയായിരുന്നു. സ്കൂളിലെ വിദ്യാർഥികളായ വിഷ്ണു സി. നമ്പ്യാർ, പി.വി.ദേവിക എന്നിവരാണ് പ്രധാന കഥാപാത്രങ്ങളായി വേഷമിടുന്നത്. പ്രശസ്ത നാടകകൃത്ത് പ്രകാശൻ കരിവെള്ളൂരാണ് രചനയും സംവിധാനവും. സജു, പി.വി.രാഹുൽ എന്നിവരാണ് ക്യാമറ. സിനിമയുടെ സ്വിച്ച് ഓൺ കർമം പി.ടി.എ. പ്രസിഡന്റ് പി.വി.ശശിധരൻ നിർവഹിച്ചു. പ്രഥമാധ്യാപകൻ കെ.ജയചന്ദ്രൻ അധ്യക്ഷതവഹിച്ചു. എം.ശശിലേഖ, പി.രവി തുടങ്ങിയവർ സംസാരിച്ചു. ഫെബ്രുവരി രണ്ടിന് ലോക തണ്ണീർത്തടദിനത്തിൽ സിനിമ റിലീസ് ചെയ്യും.

കാലിച്ചാനടുക്കം ഗവ. ഹൈസ്കൂൾ ഒരുക്കുന്ന ഹ്രസ്വ സിനിമയുടെ സ്വിച്ച് ഓൺ കർമം പി.ടി.എ. പ്രസിഡന്റ് പി.വി.ശശിധരൻ നിർവഹിക്കുന്നു

# നന്ദി